11
2026
ഫെബ്രുവരി
ബുധൻ
മകരം 28

NAUTICAL TIMES
KERALA
The National Daily in Malayalam / English
നോട്ടിക്കൽ ടൈംസ്
കേരള
e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം Thiruvananthapuram | web: www. nauticaltimesmedia.com | Volume-7, Issue No. 38 Page 4, | Price: Rs. 2 | പുസ്തകം-7 ലക്കം-38 | പേജ് 4. വില 2.00 രൂപ




02 വാഴ്സിറ്റി ദാരിദ്ര്യത്തിൽ; പിന്നെങ്ങനെ ഡി ലിറ്റ് കൊടുക്കും: വിസി ഗീതാകുമാരി
03 ഗൾഫിലെ യുഎസ് താവളങ്ങൾ മിസൈൽ പരിധിയിലെന്ന് ഇറാന്റെ മുന്നറിയിപ്പ്
04 കൊടുത്താൽ കൊല്ലത്തും കിട്ടും

# തുറമുഖത്തെ കൊള്ളയടിക്കുന്നവർ

**യേശുദാസ് വില്യം**



കൊല്ലം: ശക്തികുളങ്ങര ഹാർബർ നവീകരണത്തിന്റെ മറവിൽ കൊള്ള. മൽസ്യത്തെഴിലാളികൾക്കും,മേഖലക്കും ഒരു പ്രയോജനവുമില്ലത്ത നിർമ്മിതികൾ,മൽസ്യമേഖലയിലുള്ളവരുമായി യാതൊരു കൂടിയാലോചനകളുമില്ലാത്ത സംരംഭങ്ങൾ.മൽസ്യത്തൊഴിലാളികളുടെ ക്ഷേമം എന്നു പറഞ്ഞു കൊണ്ടു ഹാർബർ എൻജനീയറിംഗ്,തീരദേശവികസന കോർപറേഷൻ തുടങ്ങി ഫിഷറീസ് വകുപ്പിന്റെ കീഴിലുള്ള ഡിപാർട്ടുമെന്റുകളിലെ ഉദ്യോഗസ്ഥരും ,കോൺട്രാക്ടർ ലോബിയും ഹാർബർ വികസനമെന്ന പേരിൽ നടത്തുന്ന അഴിമതിയും,കൊള്ളയും ഈ മേഖലയെ തകർക്കുന്നു.ഇതിനെതിരെ കേരളത്തിലെ ബോട്ട് ഓപ്പറേറ്റഴ്സ് സംഘടനയുടെനേതാവും കേരളത്തിലെ ആഴക്കടൽ മൽസ്യബന്ധനത്തിലെ ജീവിച്ചിരിക്കുന്ന വിദഗ്ധനുമായ ചാർളി ജോസഫിന്റെ നേതൃത്വത്തിൽ കേന്ദ്ര -സംസ്ഥാന മന്ത്രാലയങ്ങൾ പരാതി സമർപ്പിച്ചു.മേൽ നടപടികളുണ്ടായില്ലെങ്കിൽ സംഘടനാതലത്തിൽ കൂടിയാലോചിച്ചു വേണ്ടതു ചെയ്യുമെന്നും നോട്ടിക്കൽ ടൈംസ് കേരള യോടു പറഞ്ഞു.

കേരളത്തിലെ പ്രമുഖമായ നീണ്ടകര,ശക്തികുളങ്ങര ഫിഷിംഗ് ഹാർബറുകളിൽ നടക്കുന്ന വികസനപ്രവർത്തനങ്ങളും,അതിനായി ചെലവിടുന്ന കേന്ദ്ര ഫണ്ടുകളെ സംബന്ധിച്ചും കേന്ദ്രത്തിന്റെ നിരീക്ഷണവും മേൽനോട്ടവും വേണമെന്നു ക്വയിലോൺ ഡിസ്ട്രിക്ട് ഫിഷിംഗ് ബോട്ട് ഓപ്പറേറ്റേഴ്സ് അസ്സോസിയേഷൻ കേന്ദ്ര,സംസ്ഥാന ഫിഷറീസ് വകുപ്പു മന്ത്രിമാർക്കും,ഉന്നത ഉദ്യോഗസ്ഥർക്കും നൽകിയ പരാതിയിൽ ആവിശ്യപ്പെടുന്നു.ഫിഷിംഗ് ഹാർബറുകളിൽ കേന്ദ്ര ഫണ്ട് ഉപയോഗിച്ചു നടന്നു കൊണ്ടിരിക്കുന്ന നിർമ്മാണപ്രവർത്തനങ്ങളിലെ ഗുരുതരമായ ഉദ്യോഗസ്ഥ-കോൺട്രാക്ടർമാരുടെ കൃത്യവിലോപവും,കെടുകാര്യസ്ഥതയും അസ്സോസ്സിയേഷന്റെ പരാതിയിൽ അക്കമിട്ടു നിരത്തുന്നു.ഇക്കാര്യം ചൂണ്ടിക്കാട്ടി നേരത്തേ കേരള സർക്കാരിനു പരാതി നൽകിയിരുന്നു.എന്നാൽ ഇക്കാര്യത്തിൽ യാതൊരു നടപടിയുംസ്വീകരിക്കാത്തതു കൊണ്ടാണ് വിഷയം കേന്ദ്ര സർക്കാരിന്റെ മുന്നിലും പരാതിയായും അപേക്ഷയായും നൽകിയതെന്നും ക്വയിലോൺ ഫിഷിംഗ് ബോട്ട് ഓപ്പറേറ്റേഴ്സ് അസ്സോസിയേഷന്റെ തലമുതിർന്ന നേതാവും പ്രസിഡന്റുമായ ചാർളിജോസഫ് നോട്ടിക്കൽ ടൈംസ് കേരള യോടു വ്യക്തമാക്കി.

യന്ത്രവൽകൃത മൽസ്യബന്ധനമേഖലയിൽ അടിയന്തിരമായി ഇടപടേണ്ട നാലു പ്രധാന വിഷയങ്ങൾ പരാതിയിൽ അക്കമിട്ടു നിരത്തുന്നു.കേന്ദ്രഫണ്ടുകളുടെ ദുരുപയോഗമാണ് ആദ്യത്തേത്.നീണ്ടകരഹാർബർ ഡ്രഡ്ജിംഗ് നടത്തി ആഴംകൂട്ടുന്ന പദ്ധതി.ഘട്ടംഘട്ടമായി നടപ്പിലാക്കേണ്ടുന്ന പദ്ധതി കൃത്യമായി നടന്നില്ല. കോടിക്കണക്കിനു കേന്ദ്രഫണ്ട് കടലിൽ കലക്കി കളഞ്ഞു. ഹാർബർ പഴയ അവസ്ഥയിൽ തന്നെയാണിപ്പോഴും.മൽസ്യമേഖലയുടെ വികസനത്തിനു യോജിക്കാത്ത തട്ടിക്കൂട്ടു പദ്ധതികൾ സൃഷ്ടിച്ച് പണം പാഴാക്കുന്നു.പാതിവഴിയിൽ നിലച്ച കെട്ടിടങ്ങൾ,പ്രവർത്തനരഹിതമായ ഐസ് പ്ലാന്റുകൾ. സ്വകാര്യരംഗത്ത് നിരവധി ഐസ് പ്ലാന്റുകൾ ഉള്ളപ്പോൾ തന്നെ ഒൻപതു കോടി മുടക്കി നിർമ്മിച്ച ഐസ് പ്ലാന്റ് പ്രയോഗികമല്ലാതായി.സ്വകാര്യ മേഖലയിൽ ഒരു കോടി മുതൽമുടക്കിൽ ഇതേശേഷിയുള്ള പ്ലാൻുകൾ നിർമ്മിക്കുമ്പോഴാണ് ഈ അനാവിശ്യ ധൂർത്ത്.പ്രായോഗികമല്ലാത്ത പദ്ധതികളും,കോൺട്രാക്ടർമാരുടെ അമിതമായ ഇടപെടലും.ഈ മേഖലയുമായി പുലബന്ധം പോലുമില്ലാത്ത കോൺട്രാക്ടർമാർ തന്നെയാണ് പ്രോജക്കുകൾ വിഭാവന ചെയ്യുന്നതും പിന്നീട് അതു പങ്കിട്ടെടുക്കുന്നതും.ഹാർബർ എൻജിനീയറിംഗ് വിഭാഗത്തിൽ ഇത്തരത്തിൽ കോൺട്രാക്ടർ,ഉദ്യോഗസ്ഥ തലത്തിലുള്ള ഗൂഡസംഘം വർഷങ്ങളായി പ്രവർത്തിക്കുന്നു.സർക്കാർ മാറിയാലും ഇവർക്കു മാറ്റമില്ല. ഇതിന്റെ ഏറ്റവും വലിയ ഉദാഹരണമാണ് ശക്തികുളങ്ങര ഹാർബറിൽ കോടികളുടെ നഷ്ടം വരുത്തിക്കൊണ്ടു പണി തുടങ്ങി പാതിവഴിയിൽ ഉപേക്ഷിച്ച കൺവയർ ബെൽറ്റിന്റെ നിർമ്മാണം..അതുപോലെ തന്നെയാണ് മൽസ്യവിപണനത്തിന് ഇരുനിലക്കെട്ടിടം എന്ന ആശയം അതും ഉപേക്ഷിച്ചു. ഹാർബറിന്റെ പ്രധാന ാവിശ്യങ്ങലിലൊന്നായ ഫിഷ്ലാൻഡിംഗിനും,വിപണനത്തിനും അനുബന്ധ പ്രവർത്തനങ്ങൾക്കും ആവശ്യമായ സൗകര്യം ഇല്ലാതിരിക്കെയാണ് ഹാർബറിനുള്ളിലെ പ്രധാന ഭാഗത്ത് ദുരന്ത നിവാരണവുമായി ബന്ധപ്പെട്ട സമുച്ചയം നിർമ്മിക്കുന്നത്.മൽസ്യവിപണനം നടത്തുന്ന സ്ത്രീകൾക്കുൾപ്പടെ മികച്ചരീതിയിലുള്ള ശൗചാലയം പോലുമില്ലത്തിടത്താണ് ഈ നിർമ്മിതികളുടെ തള്ളിക്കയറ്റം.


യന്ത്രവൽകൃത ട്രോളിംഗ് മേഖലയിൽ തൊട്ടതിനും പിടിച്ചതിനുമെല്ലാം രണ്ടരലക്ഷം രൂപ പിഴയിടുന്നു.രാജ്യദ്രോഹക്കുറ്റം ചെയ്തവരെപ്പോലെ കടലിലും കരയിലും ഓടിച്ചിട്ടു പിടിച്ച് ഭീമമായ പിഴ ഈടാക്കുന്നു.പരമ്പരാഗതത്തിന്റെ പട്ടികയിൽ പെടുത്തി വലിയകപ്പൽ വള്ളങ്ങളുടെ നിയമലംഘനങ്ങൾ നിസ്സാരമായ പിഴയിൽ ഒഴിവാക്കുമ്പോഴാണ് ട്രോളിംഗ് മേഖലയിലുള്ള ഈ വേട്ടയാടൽ.അതുപോലെ തന്നെ ക്ഷേമനിധി ഇനത്തിൽ 25000 രൂപ ഇടാക്കിയിട്ടും ട്രോളിംഗ് മേഖലയിലുള്ള തൊഴിലാളികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നില്ല.അപകടത്തിൽ പെടുകയോ ജീവഹാനി സംഭവിക്കുകയോ ചെയ്താൽപോലും മൽസ്യഫെഡിലും,ക്ഷേമസംഘത്തിലും ഉൾപ്പെട്ടിട്ടില്ലന്ന കാരണം പറഞ്ഞ് അവർക്കുള്ള ആനുകൂല്യം നിഷേധിക്കുന്നു.ഇതു വിവേചനമാണ്. ഇതു മാറിയേ പറ്റു എന്ന് ചാർളി ജോസഫ് പറയുന്നു.ഇത്തരം ആവിശ്യങ്ങൽക്ക് സംഘടനാതലത്തിൽ കോടതിയിൽ പോയി നീതി വാങ്ങണമെന്നും അദ്ദേഹം പറയുന്നു. സ്മാർട്ട് തുറമുഖപദ്ധതിക്കായി കേന്ദ്ര ബഡ്ജറ്റിൽ നീക്കിവെച്ച 37 കോടി രൂപയിൽ നിന്നും ട്രോളിംഗ് മേഖലയിലെ തൊഴിലാളികൾക്കും,ബോട്ടുകളുടെ പ്രവർത്തന സഹായത്തിനായും ഒരു തുക മാറ്റിവെക്കണം കാരണം എല്ലാവർഷവും കോടികളുടെ വിദേശ നാണ്യംരാജ്യത്തിനു നേടിത്തരുന്ന വ്യവസായ മേഖലയാണ് യന്ത്രവൽകൃത ട്രോളിംഗ് മേഖലയെന്ന് ചാർളി ജോസഫ് ചൂണ്ടിക്കാട്ടി.

## കേരള പോർട്ട് മന്ത്രി വാസവന്റെ പ്രസ്ഥാവന അപലപനീയവും അടിസ്ഥാനരഹിതവും

തിരുവനന്തപുരം : കേരള പോർട്ട് മന്ത്രി വാസവന്റെ പ്രസ്ഥാവന അടിസ്ഥാനരഹിതവും ആണെന്ന് മത്സ്യത്തൊഴിലാളി സംഘടനകൾ. പതിനായിരക്കണക്കിന് മത്സ്യത്തൊഴിലാളികളുടെ


തൊഴിലിനെയും ജീവിതത്തെയും കടലിന്റെ ജൈവാവാസ വ്യവസ്ഥകളെയും തകർത്തുകൊണ്ട് ആശാസ്ത്രീയമായി നടത്തിയ നിർമ്മാണ പവർത്തനങ്ങളുടെ ഫലമായി മുന്നൂറിലേറെ കുടുംബങ്ങൾക്ക് വീട് നഷ്ടമായി. 3 വർഷത്തിലേറെ ഗോഡൗണുകളിലും കുടുംബങ്ങളെ പുനരധിവസിപ്പിക്കാൻ മത്സ്യത്തൊഴിലാളികളുടെ സമരത്തിലൂടെയാണ് സർക്കാർ തയ്യാറായത്. വളരെ നിഗൂഡമായ അണിയറ ഒരുക്കങ്ങളിലൂടെ സൃഷ്ടിച്ച പോലീസ് സ്റ്റേഷൻ ആക്രമണത്തെക്കുറിച്ച് ജുഡീഷ്യൽ അന്വേഷണം നടത്തണമെന്ന് ഫാ. യൂജിൻ പെരേര ആവശ്യപ്പെട്ടിരുന്നു. മത്സ്യത്തൊഴിലാളികളുടെ ന്യായമായ ആവശ്യങ്ങൾ നടപ്പിലാക്കാമെന്ന് വാഗ്ദാനം നൽകിയ സർക്കാർ ഫ്ളാറ്റുകളിൽ കുടുംബങ്ങളെ മാറ്റിപാർപ്പിച്ചതൊഴികെ മറ്റൊരു വാഗ്ദാനവും നാളിതുവരെ പൂർത്തീകരിക്കാത്ത വസ്തുത മറച്ചുവക്കാനുള്ള തന്ത്രമായാണ് മന്ത്രിയുടെ പ്രസ്ഥാവനയെ കാണുന്നത്. ദുബായ്, കൊളംബോ പോർട്ടുകളുടെ ഒത്താശയോടെയാണ് സമരം നടത്തിയത് എന്ന നിരുത്തരവാദപരമായ പ്രസ്ഥാവന തെളിയിക്കാൻ ഭരണഘടനയെ സാക്ഷിയാക്കി സത്യപ്രതിജ്ഞ ചെയ്ത മന്ത്രി വാസവൻ തയ്യാറാകണമെന്ന് വെള്ളയമ്പലത്തു ചേർന്ന മത്സ്യത്തൊഴിലാളി സംഘടനകൾ, സമുദായ സംഘടനകൾ, വനിത സംഘടനകൾ എന്നിവയുടെ ഭാരവാഹികൾ ആവശ്യപ്പെട്ടു.

## മോസ്റ്റ് റവ. ഡോ. തോമസ് ജെ. നെറ്റോ സി.ബി.സി.ഐ. ഹെൽത്ത് കെയർ കമ്മിഷൻ ചെയർമാൻ



ഭാരത കത്തോലിക്കാ മെത്രാൻ സമിതിയുടെ ബാംഗ്ലൂരിൽ നടന്ന 37-ാമത് ജനറൽ ബോഡി തിരുവനന്തപുരം അതിരൂപത മെത്രാപ്പോലീത്ത മോസ്റ്റ് റവ. ഡോ. തോമസ് ജെ. നെറ്റോയെ സി.ബി.സി.ഐ.യുടെ ഹെൽത്ത് കെയർ കമ്മിഷൻ ചെയർമാനായി തിരഞ്ഞെടുത്തു. ആരോഗ്യ പരിപാലന രംഗത്ത് വളരെ ശ്രദ്ധേയമായ പ്രവർത്തനങ്ങൾ ആവശ്യമായിരിക്കുന്ന ഈ കാലഘട്ടത്തിൽ പൊതു ജനാരോഗ്യ രംഗത്ത് സഭയുടെ സേവനങ്ങൾ സാധാരണ ജനങ്ങൾക്ക്നൽകാനാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു. തിരുവനന്തപുരം അതിരൂപതയുടെ എല്ലാ പ്രാർത്ഥനാശംസകളും നേരുന്നു.

# വിഴിഞ്ഞം അതിജീവന സമരത്തെ അധിക്ഷേപിച്ച മന്ത്രി വാസവൻ മാപ്പ് പറയണം:പി സ്റ്റെല്ലസ്


വിഴിഞ്ഞം സമരം
തോക്ക് എടുക്കേണ്ട ഘട്ടങ്ങളിൽ പൊലീസ് സംയമനം പാലിച്ചു: വാസവൻ
സമരത്തിന് പിന്നിൽ ദുബായ്, കൊളംബോ തുറമുഖങ്ങളായിരുന്നുവെന്നും മന്ത്രി

തിരുവനന്തപുരം : വിഴിഞ്ഞം അതിജീവനത്തിനായി മത്സ്യതൊഴിലാളികളുടെ നേതൃത്വത്തിൽ നടത്തിയ വിഴിഞ്ഞം സമരത്തെ രണ്ടാം വിമോചന സമരമെന്നും, ദുബായ്,കൊളംബോ പോർട്ടുകളുടെ സ്പോൺസേർഡ് സമരമെന്നും അതിക്ഷേപിച്ച മന്ത്രി വാസവൻ മത്സ്യതൊഴിലാളി സമൂഹത്തെ വെല്ലുവിളിക്കുകയാണെന്ന് സ്വതന്ത്ര മത്സ്യ തൊഴിലാളി ഫെഡറേഷൻ സംസ്ഥാന പ്രസിഡണ്ട് പി സ്റ്റെല്ലസ്.

മത്സ്യ തൊഴിലാളി സമൂഹവും ലത്തീൻ സമുദായവും നടത്തിയ അതിജീവനത്തിനായുള്ള പോരാട്ടത്തെ ആയുധങ്ങളെക്കാൾ വീര്യമേറിയ വർഗ്ഗീയതയുടെ നിറം നല്കി, ഹൈന്ദവവർഗ്ഗീയത സൃഷ്ടിച്ചു കൊണ്ട്, അടിച്ചമർത്തുകയാണ് ഭരണംകൂടം ചെയ്തതെന്ന് അദ്ദേഹം പറഞ്ഞു. കൂടംകുളം, വിഴിഞ്ഞം സമരങ്ങളെ അടിച്ചമർത്താൻ വർഗ്ഗീയതയെ കൂട്ടുപിടിച്ച് ദേശദ്രോഹ നിലപാടുകൾ ആരോപിച്ചതും ഇതേ ഭരണകൂടങ്ങളാണ്. ശിഖണ്ഡിയെ മുന്നിൽ നിറുത്തി ഭീഷ്മരെ വീഴ്ത്തിയ പാണ്ഡവരല്ല മത്സ്യ തൊഴിലാളികളെന്ന്. ഗർഭിണികളെ മുൻനിറുത്തി സമരം നടത്തിയെന്ന് ആരോപിക്കുന്ന മന്ത്രി തിരിച്ചറിയണമെന്നും ഫെഡറേഷൻ പ്രസിഡണ്ട് പി സ്റ്റെല്ലസ്. അതിജീവനത്തിനായുള്ള സമരത്തെ അധിക്ഷേപിച്ച മന്ത്രി വാസവൻ പ്രസ്താവന പിൻവലിച്ച് മാപ്പ് പറയണമെന്നും അല്ലെങ്കിൽ അതി ശകറ്റമായ പ്രതിഷേധത്തെ നേരിടേണ്ടി വരുമെന്നും സ്വതന്ത്ര മത്സ്യ തൊഴിലാളി ഫെഡറേഷൻ സംസ്ഥാന പ്രസിഡന്റ് പി. സ്റ്റെല്ലസ് പറഞ്ഞു.

## കേരള പോർട്ട് മന്ത്രി വാസവന്റെ പ്രസ്ഥാവന അപലപനീയവും അടിസ്ഥാനരഹിതവും

തിരുവനന്തപുരം : കേരള പോർട്ട് മന്ത്രി വാസവന്റെ പ്രസ്ഥാവന അടിസ്ഥാനരഹിതവും ആണെന്ന് മത്സ്യത്തൊഴിലാളി സംഘടനകൾ. പതിനായിരക്കണക്കിന് മത്സ്യത്തൊഴിലാളികളുടെ

തൊഴിലിനെയും ജീവിതത്തെയും കടലിന്റെ ജൈവാവാസ വ്യവസ്ഥകളെയും തകർത്തുകൊണ്ട് ആശാസ്ത്രീയമായി നടത്തിയ നിർമ്മാണ പവർത്തനങ്ങളുടെ ഫലമായി മുന്നൂറിലേറെ കുടുംബങ്ങൾക്ക് വീട് നഷ്ടമായി. 3 വർഷത്തിലേറെ ഗോഡൗണുകളിലും കുടുംബങ്ങളെ പുനരധിവസിപ്പിക്കാൻ മത്സ്യത്തൊഴിലാളികളുടെ സമരത്തിലൂടെയാണ് സർക്കാർ തയ്യാറായത്. വളരെ നിഗൂഡമായ അണിയറ ഒരുക്കങ്ങളിലൂടെ സൃഷ്ടിച്ച പോലീസ് സ്റ്റേഷൻ ആക്രമണത്തെക്കുറിച്ച് ജുഡീഷ്യൽ അന്വേഷണം നടത്തണമെന്ന് ഫാ. യൂജിൻ പെരേര ആവശ്യപ്പെട്ടിരുന്നു. മത്സ്യത്തൊഴിലാളികളുടെ ന്യായമായ ആവശ്യങ്ങൾ നടപ്പിലാക്കാമെന്ന് വാഗ്ദാനം നൽകിയ സർക്കാർ ഫ്ളാറ്റുകളിൽ കുടുംബങ്ങളെ മാറ്റിപാർപ്പിച്ചതൊഴികെ മറ്റൊരു വാഗ്ദാനവും നാളിതുവരെ പൂർത്തീകരിക്കാത്ത വസ്തുത മറച്ചുവക്കാനുള്ള തന്ത്രമായാണ് മന്ത്രിയുടെ പ്രസ്ഥാവനയെ കാണുന്നത്. ദുബായ്, കൊളംബോ പോർട്ടുകളുടെ ഒത്താശയോടെയാണ് സമരം നടത്തിയത് എന്ന നിരുത്തരവാദപരമായ പ്രസ്ഥാവന തെളിയിക്കാൻ ഭരണഘടനയെ സാക്ഷിയാക്കി സത്യപ്രതിജ്ഞ ചെയ്ത മന്ത്രി വാസവൻ തയ്യാറാകണമെന്ന് വെള്ളയമ്പലത്തു ചേർന്ന മത്സ്യത്തൊഴിലാളി സംഘടനകൾ, സമുദായ സംഘടനകൾ, വനിത സംഘടനകൾ എന്നിവയുടെ ഭാരവാഹികൾ ആവശ്യപ്പെട്ടു.



# സംസ്ഥാന യുവജന കമ്മീഷൻ യൂത്ത് ഐക്കൺ അവാർഡുകൾ പ്രഖ്യാപിച്ചു

കേരള സംസ്ഥാന യുവജന കമ്മീഷൻ 2025-26 വർഷത്തെ യൂത്ത് ഐക്കൺ അവാർഡുകൾ പ്രഖ്യാപിച്ചു. വിവിധ മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ച യുവജനങ്ങൾക്കാണ് കമ്മീഷൻ അവാർഡ് നൽകുന്നത്. കല/സാംസ്കാരികം, കായികം, സാഹിത്യം, കാർഷികം/മൃഗസംരക്ഷണം, വ്യവസായ സംരംഭകത്വം, മാധ്യമം തുടങ്ങിയ മേഖലകളിൽ നിറസാന്നിദ്ധ്യമാവുകയും വ്യത്യസ്തവും മാതൃകാപരവുമായ ഇടപെടലുകളാൽ സമൂഹത്തിനാകെ പുതുവെളിച്ചമുണ്ടാക്കുകയും ചെയ്ത യുവജനങ്ങളെയാണ് കമ്മീഷൻ നിയോഗിച്ച ജൂറി അവാർഡിനായി തിരഞ്ഞെടുത്തത്.

സ്ത്രീ കേന്ദ്രീകൃത നായിക കഥാപാത്രങ്ങൾ മലയാള സിനിമയിൽ പ്രത്യക്ഷപ്പെട്ട ഒരുകാലത്തെ ആഴത്തിൽ അടയാളപ്പെടുത്തിയ യുവ ചലച്ചിത നടി കല്യാണി പ്രിയദർശനാണ് കല/സാംസ്കാരിക മേഖലയിൽനിന്ന് പുരസ്കാരം. മലയാള സിനിമയുടെ മാറിയ സ്ത്രീപക്ഷ ഭാവുകത്വത്തെ പ്രേക്ഷകർക്ക് മുന്നിൽ എത്തിക്കുന്നതിൽ നിർണായക പങ്കാണ് കല്യാണി പ്രിയദർശൻ വഹിച്ചത്.ക്രാഫ്റ്റിലെ മൗലികതയിലൂടെയും കഥാവിഷ്കാരത്തിലെ വൈവിധ്യങ്ങളിലൂടെയും പാൻഇന്ത്യൻ അനുഭവങ്ങളുടെ ആവിഷ്കാരങ്ങളിലൂടെയും മലയാളത്തിന്റെ പുതുകാല വായനയ്ക്ക് ദിശാബോധം നൽകിയ എഴുത്തുകാരൻ അമൽ പിരപ്പൻകോടിനാണ് സാഹിത്യത്തിലുള്ള യൂത്ത് ഐക്കൺ പുരസ്കാരം. കേന്ദ്രസാഹിത്യ അക്കാദമി യുവ പുരസ്കാരം, ബഷീർ യുവപ്രതിഭാ പുരസ്കാരം, തകഴി കഥാപുരസ്കാരം തുടങ്ങി നിരവധി പുരസ്കാരങ്ങൾ നേടിയിട്ടുണ്ട്.

ഏഷ്യൻ ഗെയിംസിൽ വെള്ളിമെഡൽ നേടിയ ഇന്ത്യയുടെ അഭിമാന താരം പി. മുഹമ്മദ് അഫ്സലാണ് കായികരംഗത്തു നിന്ന് അവാർഡിനർഹയായത്. പോളണ്ടിലെ പോസ്നാനിൽ നടന്ന അന്താരാഷ്ട്ര മീറ്റിൽ 800 മീറ്റർ ദൂരത്തിൽ 1:44.93 സെക്കൻഡിലാണ് അഫ്സൽ ഫിനിഷ് ചെയ്തത്. 1:45ന് താഴെ സമയത്തിൽ 800മീറ്റർ ഓടിത്തീർക്കുന്ന ആദ്യ ഇന്ത്യക്കാരനാണ് മുഹമ്മദ് അഫ്സൽ. തന്റെ പേരിലുള്ള ദേശീയ റെക്കോഡ് തിരുത്താനും അഫ്സലിന് സാധിച്ചു. ലോക സ്കൂൾ മീറ്റും ഏഷ്യൻ സ്കൂൾ മീറ്റും ഉൾപ്പെടെ ഒട്ടേറെ രാജ്യാന്തര, ദേശീയ ചാമ്പ്യൻഷിപ്പുകളിലും സ്വർണം നേടിയിട്ടുണ്ട്.

എക്സ്പെരിമെന്റൽ ഫാമിങ് വിജയകരമായി നടപ്പിലാക്കിയ യുവകർഷകനായ കൊല്ലം സ്വദേശി ആർ. വിഷ്ണുരാജാണ് കാർഷികരംഗത്തു നിന്ന് അവാർഡിനർഹനായത്. കൃഷിയെ വ്യക്തിഗത പ്രവർത്തനം എന്നതിൽ നിന്ന് സാമൂഹിക മുന്നേറ്റമാക്കി മാറ്റിയത് ഉൾപ്പെടെ പുരോഗമനപരമായ കാർഷിക പരീക്ഷണങ്ങൾ നടപ്പിലാക്കി. കാർഷിക വിജ്ഞാനത്തിന്റെ സാമൂഹിക വൽക്കരണം സാധ്യമാക്കുക വഴി കാർഷിക മേഖലയിലേക്ക് നിരവധി ചെറുപ്പക്കാരെ ആകർഷിക്കാൻ ആർ. വിഷ്ണുരാജിന് കഴിഞ്ഞു.

സാങ്കേതിക വിദ്യയുടെ ആഗോളസാധ്യതകളെ കേരളത്തിന്റെ മണ്ണിൽ ആവിഷ്കരിച്ച് വിജയകരമായി നടപ്പിലാക്കിയ നവസംരംഭകൻ വിമൽ ഗോവിന്ദ് വ്യവസായം/സംരംഭകത്വ വിഭാഗത്തിൽ അവാർഡിനർഹനായി. മനുഷ്യജീവൻ സംരക്ഷിക്കുന്നതിന് അർഹമായ രീതിയിൽ മാൻഹോൺ റോബോട്ടുകളെ കണ്ടെത്തി വ്യവസായിക അടിസ്ഥാനത്തിൽ നടപ്പിലാക്കിയ ജെൻ റോബോട്ടിക്സ് കമ്പനിയുടെ സി.ഇ.ഒ. ആണ് വിമൽ ഗോവിന്ദ്.

കേരളത്തിലെ മനുഷ്യാവകാശ സാമൂഹിക പ്രശ്നങ്ങളെയും സ്ത്രീ ജീവിതത്തിന്റെ അറിയപ്പെടാത്ത ഇടങ്ങളെയും മുഖ്യധാരാ സംവാദ മണ്ഡലത്തിലേക്ക് എത്തിക്കുകയും അക്കാഡമിക അന്വേഷണ മികവോടെയും പത്രപ്രവർത്തനത്തിന്റെ ദിശാബോധത്തോടെയും ആവിഷ്കരിക്കയും ചെയ്ത മാധ്യമപ്രവർത്തക നിലീന അത്തോളിക്കാണ് മാധ്യമ മേഖലയിൽ നിന്നും പുരസ്കാരം. പ്രസ് കൗൺസിൽ ഓഫ് ഇന്ത്യ അവാർഡ് ഉൾപ്പെടെ നിരവധി ദേശീയ-സംസ്ഥാന പുരസ്കാരങ്ങൾ നേടിയ നിലീന അത്തോളി മാതൃഭൂമി ഡിജിറ്റൽ സീനിയർ സബ് എഡിറ്ററാണ്.

# കോലിയക്കോട് എൻ. കൃഷ്ണൻ നായർ സംസ്ഥാന സഹകരണ യൂണിയൻ ചെയർപേഴ്സൺ

സംസ്ഥാന സഹകരണ യൂണിയൻ ചെയർപേഴ്സണായി വീണ്ടും കോലിയക്കോട് എൻ. കൃഷ്ണൻ നായരെ തെരെഞ്ഞടുത്തു. സംസ്ഥാന സഹകരണ യൂണിയൻ ആസ്ഥാനത്തു നടന്ന പ്രഥമ ഭരണസമിതി യോഗമാണ് ഏകകണ്ഠേന കോലിയക്കോട് എൻ. കൃഷ്ണൻ നായരെ ചെയർപേഴ്സണായി തെരഞ്ഞെടുത്തത്. സഹകരണ യൂണിയൻ ബോർഡിലേക്ക് നടന്ന തെരെഞ്ഞടുപ്പിൽ ഇടത് അംഗങ്ങൾ എതിരില്ലാതെ തെരെഞ്ഞടുക്കപ്പെട്ടിരുന്നു. നിലവിൽ സംസ്ഥാന സഹകരണ യൂണിയന്റെ ചെയർപേഴ്സണായി പ്രവർത്തിച്ചു വരികയായിരുന്നു. ഇത് രണ്ടാം തവണയാണ് അദ്ദേഹം തെരെഞ്ഞടുപ്പിലൂടെ ചെയർപേഴ്സനാകുന്നത് .സഹകരണ മേഖലയിലെ സമഗ്ര സംഭാവനയ്ക്ക് 2024ൽ സംസ്ഥാന സർക്കാർ റോബർട്ട് ഓവൻ പുരസ്ക്കാരം നൽകി അദ്ദേഹത്തെ ആദരിച്ചിരുന്നു.

ദേശീയ സഹകരണ യൂണിയൻ ഗവേണിംഗ് കൗൺസിൽ അംഗവും, കേരളത്തിലെ മുതിർന്ന സഹകാരിയും, കർഷക സംഘം നേതാവും, സി.പി.ഐ(എം) മുൻ സംസ്ഥാന കമ്മിറ്റി അംഗവുമാണ്. വാമനപുരം മണ്ഡലത്തെ 5 തവണ പ്രതിനിധീകരിച്ചിട്ടുള്ള അദ്ദേഹം മികച്ച സാമാജികനായും പേരെടുത്തിട്ടുണ്ട്.നിലവിൽ കേരള സഹകരണ ക്ഷേമനിധി ബോർഡ്, സഹകരണ എംപ്ലോയിസ് വെൽഫെയർ ബോർഡ്, സഹകരണ ഗ്യാരന്റി ഫണ്ട് ബോർഡ് എന്നിവയുടെ ഭരണ സമിതി അംഗമാണ്. കേരള അഗ്രികൾച്ചറൽ കോപ്പറേറ്റീവ് സ്റ്റാഫ് ട്രയിനിംഗ് ഇൻസ്റ്റ്യൂട്ടിന്റെ ഗവേണിംഗ് കൗൺസിൽ അംഗമായും പ്രവർത്തിച്ചു വരുന്നു.

തെരെഞ്ഞടുക്കപ്പെട്ട മറ്റ് ഭരണസമിതി അംഗങ്ങൾ

ജില്ലാ തല പ്രതിനിധികൾ – കെ.രാജഗോപാൽ (കൊല്ലം), പി. ആർ പ്രസാദ് (പത്തനംതിട്ട), എ.ഡി.കുഞ്ഞച്ചൻ (ആലപ്പുഴ), കെ.എം. രാധാകൃഷ്ണൻ (കോട്ടയം), എം ഐ ബീരാസ് (എറണാകുളം), സതീഷ് ചന്ദ്രൻ (ഇടുക്കി), പി ആർ വർഗീസ് മാസ്റ്റർ (തൃശ്ശൂർ), ഇ.എൻ.രവീന്ദ്രൻ (പാലക്കാട്), പി ജ്യോതിബാസ് (മലപ്പുറം), എൻ.കെ.രാമചന്ദ്രൻ (കോഴിക്കോട്), വി.വി.ബേബി (വയനാട്), റ്റി. അനിൽ (കണ്ണൂർ) അപ്പക്സ് സഹകരണ സംഘങ്ങളുടെ വിഭാഗം : കെ കെ ലതിക (കോഴിക്കോട്), കേരള ബാങ്ക് പ്രതിനിധികൾ പി ഗഗാറിൻ (വയനാട്) പി ഗാനകുമാർ സഹകരണ സ്ഥാപന ജീവനക്കാരുടെ പ്രതിനിധി ഷിബു പി (കൊല്ലം), വനിതാ വിഭാഗം-ലളിത ചന്ദ്രശേഖരൻ, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗം – ഉഷ എം (കാസർഗോഡ്).

# കിക്മയിൽ ദേശീയ മാനേജ്മെന്റ് ഫെസ്റ്റ്

സഹകരണ വകുപ്പിന് കീഴിലുള്ള സംസ്ഥാന സഹകരണ യൂണിയന്റെ നെയ്യാർ ഡാമിലെ എം.ബി.എ കോളേജായ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോ-ഓപ്പറേറ്റീവ് മാനേജ്മെന്റ് (കിക്മ), അവനീർ 2സ26 എന്ന പേരിൽ ദേശീയ മാനേജ്മെന്റ് ഫെസ്റ്റ് സംഘടിപ്പിക്കുന്നു. ഫെബ്രുവരി 13-ന് കിക്മ ക്യാമ്പസിൽ നടക്കുന്ന ഫെസ്റ്റിൽ രാജ്യത്തെ വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള എം.ബി.എ വിദ്യാർത്ഥികൾ പങ്കെടുക്കും.

മാനേജ്മെന്റ്, മാനേജ്മെന്റ് ഇതര മേഖലകളിലായി 7 മത്സരങ്ങളാണ് ഫെസ്റ്റിൽ നടക്കുന്നത്. ബിസിനസ്സ് ക്വിസ്, ബെസ്റ്റ് മാനേജർ, ബെസ്റ്റ് മാനേജ്മെന്റ് ടീം, എച്ച്.ആർ ഗെയിം, മാർക്കറ്റിംഗ് ഗെയിം, സ്പോട് ഫോട്ടോഗ്രഫി, ട്രഷർ ഹണ്ട് എന്നിവയാണ് പ്രധാന മത്സരങ്ങൾ.

മാനേജ്മെന്റ് ഫെസ്റ്റ് ഫെബ്രുവരി 13-ന് രാവിലെ 10 മണിക്ക് സംസ്ഥാന സഹകരണ യൂണിയൻ ചെയർമാൻ കോലിയക്കോട് എൻ.കൃഷ്ണൻ നായർ ഉദ്ഘാടനം ചെയ്യും. ശിവാനന്ദ യോഗവേദാന്ദ ധന്വന്തരി ആശ്രമം ഡയറക്ടർ സ്വാമി നടരാജ് ജി ചടങ്ങിൽ മുഖ്യാതിഥിയായും, സംസ്ഥാന സഹകരണ യൂണിയൻ ജനറൽ മാനേജർ അയ്യപ്പൻ നായർ, പബ്ലിസിറ്റി ഓഫീസർ ബിജു നെയ്യാർ എന്നിവർ ചടങ്ങിൽ പങ്കെടുക്കും.

വ്യാവസായിക-അക്കാഡമിക് മേഖലകളിലെ വിദഗ്ധരാണ് മാനേജ്മെന്റ് വിദ്യാർത്ഥികളുടെ പ്രകടനം വിലയിരുത്തുന്നത്. 1 ലക്ഷത്തോളം രൂപയുടെ ക്യാഷ് അവാർഡും പുരസ്ക്കാരങ്ങളുമാണ് വിദ്യാർത്ഥികളെ കാത്തിരിക്കുന്നത്. മേജർ കോർപ്പറേറ്റ് സ്ഥാപനങ്ങളായ ടെസ്റ്റ് ഹൗസ്, ടെക്നോപാർക്ക്, തിരുവനന്തപുരം, ശിവാനന്ദ ഇന്റർണാഷണൽ യോഗ സെന്റർ, ശുശ്രുത ആയുർവേദ മെഡിക്കൽ സെന്റർ, കാട്ടാക്കട, നിംസ് ഹോസ്പ്പിറ്റൽ നെയ്യാറ്റിൻക്കര, വേവിദ വിസ്കൂൾ (ഓൺലൈൻ എഡ്യുക്കേഷൻ പ്ലാറ്റ്ഫോം) എന്നിവരാണ് സ്പോൺസർഷിപ്പ് നൽകുന്നത്.

മാനേജ്മെന്റ് വിദ്യാർത്ഥികൾക്ക് പുറമേ എഞ്ചിനീയറിംഗ്, ആർട്ട്സ് ആന്റ് സയൻസ്, ബിരുദ വിദ്യാർത്ഥികൾക്കും തിരഞ്ഞെടുക്കപ്പെട്ട മത്സരങ്ങളിൽ പങ്കെടുക്കാം.

ഫെസ്റ്റിന്റെ വിളംബരം എന്ന നിലയിൽ അവനീർ 2സ26 ന്റെ ഭാഗമായി മാനേജ്മെന്റ് പഠനത്തിന്റെ സാമൂഹിക പ്രസക്തി പൊതുസമൂഹത്തിലേക്ക് എത്തിക്കുന്നതിനായി വിദ്യാർത്ഥികൾ വിവിധ സാമൂഹിക പ്രതിബന്ധതാ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചിട്ടുണ്ട്. കൂടുതൽ വിവരങ്ങൾക്ക്: 9496366741.

# വൈഗ കാർഷിക പ്രദർശന മേള ഇന്ന് മുതൽ

സംസ്ഥാന കാർഷിക വികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന വൈഗ (VAIGA - Value Addition for Income Generation in Agriculture) കാർഷിക പ്രദർശന വിപണന മേള ഏഴാം പതിപ്പ് ഫെബ്രുവരി 11 മുതൽ 16 വരെ തിരുവനന്തപുരം ആനയറ വേൾഡ് മാർക്കറ്റ് മൈതാനത്ത് നടക്കുമെന്ന് മന്ത്രി പി പ്രസാദ് വാർത്താസമ്മേളനത്തിൽ അറിയിച്ചു. 11ന് വൈകുന്നേരം 4.30 ന് മുഖ്യമന്ത്രി പിണറായി വിജയൻ വൈഗ കാർഷിക മേള ഉദ്ഘാടനം ചെയ്യും. കാർഷിക വികസന വകുപ്പ് മന്ത്രി പി. പ്രസാദ് അധ്യക്ഷത വഹിക്കും. മന്ത്രിമാരായ വി. ശിവൻകുട്ടി, കെ.എൻ. ബാലഗോപാൽ, എ.കെ ശശീന്ദ്രൻ, ജി. ആർ അനിൽ, ഡെപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാർ, മേയർ വി.വി രാജേഷ്, എം.പി മാർ, എം.എൽ.എ മാർ മറ്റു ജന പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുക്കും. വനിതാ കർഷകരുടെ വിജയഗാഥകൾ ഉൾക്കൊള്ളിച്ചുകൊണ്ട് തയ്യാറാക്കിയ 'കാർഷിക വഴിയിലെ പെൺചുവടുകൾ' എന്ന പുസ്തകം ചടങ്ങിൽ മുഖ്യമന്ത്രി പ്രകാശനം ചെയ്യും.

കാർഷിക ഉൽപന്നങ്ങളുടെ മൂല്യവർധനവ്, സംസ്കരണം, വിപണനം എന്നിവയിലൂടെ കർഷകർക്ക് മികച്ച വരുമാനം ഉറപ്പാക്കുക, സംരംഭകരെ കാർഷിക മേഖലയിലേക്ക് ആകർഷിക്കുക എന്നിവയാണ് മേളയുടെ പ്രധാന ലക്ഷ്യങ്ങൾ. കാർഷിക മേഖലയിലെ നൂതന സാങ്കേതികവിദ്യകളും മൂല്യവർദ്ധിത ഉൽപന്നങ്ങളും പരിചയപ്പെടുത്തുന്ന 250-ഓളം സ്റ്റാളുകൾ മേളയിലുണ്ട്. തമിഴ്നാട്, മഹാരാഷ്ട്ര, ഗുജറാത്ത്, കർണ്ണാടക, സിക്കിം തുടങ്ങിയ സംസ്ഥാനങ്ങളുടെയും, കാർഷിക സർവ്വകലാശാല, നബാർഡ്, കേന്ദ്ര ഗവേഷണ കേന്ദ്രങ്ങൾ, കാർഷികോൽപാദന സംഘടനകൾ, പൊതുമേഖല, സഹകരണ സ്ഥാപനങ്ങൾ തുടങ്ങിയവയുടെ കാർഷിക പ്രദർശനങ്ങളും ഇതിൽ ഉൾപ്പെടും. വിപണന സാധ്യതകൾ, സ്മാർട്ട് ഫാമിംഗ്, നിർമ്മിത ബുദ്ധി തുടങ്ങിയ വിഷയങ്ങളിൽ വിദഗ്ധർ നയിക്കുന്ന സെമിനാറുകളും വൈവിധ്യമാർന്ന രുചികൾ പരിചയപ്പെടുത്തുന്ന ഭക്ഷ്യമേളയും, വ്യത്യസ്തങ്ങളായ കലാസന്ധ്യകളും മേളയുടെ ഭാഗമായി നടക്കുമെന്ന് മന്ത്രി പറഞ്ഞു.കാർഷിക സംരംഭകർക്ക് പ്രായോഗിക നിർദ്ദേശങ്ങളും വായ്പാ സഹായത്തിനുള്ള പ്രോജക്ട് റിപ്പോർട്ടുകളും തയ്യാറാക്കി നൽകുന്ന ഡിപിആർ ക്ലിനിക്ക് വൈഗ മേളയുടെ പ്രധാന പ്രത്യേകതയാണ്. കാർഷിക സംരംഭങ്ങൾ ആരംഭിക്കാൻ ആഗ്രഹിക്കുന്ന കർഷകർ, നിക്ഷേപകർ, സംരംഭകർ എന്നിവർക്ക് പ്രായോഗിക മാർഗ്ഗനിർദ്ദേശവും സാങ്കേതിക പിന്തുണയും നൽകുന്നതാണ് ഡിപിആർ ക്ലിനിക്കിന്റെ ലക്ഷ്യം. കൂടാതെ, കർഷകരെയും വിപണിയെയും നേരിട്ട് ബന്ധിപ്പിക്കുന്നതിനായി ബിസിനസ് ടു ബിസിനസ് മീറ്റും സംഘടിപ്പിക്കും 130 ഉൽപ്പാദകരും 96 വ്യാപാരികളും ബിസിനസ്സ് മീറ്റിൽ പങ്കെടുക്കുന്നതിന് രജിസ്റ്റർ ചെയ്തതായി മന്ത്രി അറിയിച്ചു.

മേളയുടെ ഭാഗമായി ഫെബ്രുവരി 16-ന് രാവിലെ ടെക്നോപാർക്കിലെ ട്രാവൻകൂർ ഹാളിൽ 'കർഷക പാർലമെന്റ്' നടക്കും. 140 നിയമസഭാ മണ്ഡലങ്ങളിൽ നിന്നുള്ള കർഷക പ്രതിനിധികൾ ഇതിൽ പങ്കെടുക്കുകയും കാർഷിക മേഖലയിലെ പ്രശ്നങ്ങളും നിർദ്ദേശങ്ങളും അവതരിപ്പിക്കുകയും ചെയ്യും. കൃഷി വകുപ്പിന്റെ പ്രവർത്തനങ്ങളും ഭാവി പദ്ധതികളും സംബന്ധിച്ച് നേരിട്ടുള്ള ആശയ വിനിമയത്തിനും പ്രതികരണങ്ങൾ രേഖപ്പെടുത്തുന്നതിനും പ്രത്യേക സെഷനുകളും മേളയിൽ ഉണ്ടായിരിക്കുമെന്ന് മന്ത്രി പറഞ്ഞു.

കാർഷിക വികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഡോ ബി അശോക്, ഡയറക്ടർ ശ്രീറാം വെങ്കിട്ടരാമൻ എന്നിവർ വാർത്താസമ്മേളനത്തിൽ പങ്കെടുത്തു.

# സ്ത്രീ ശാക്തീകരണ പദ്ധതിയിൽ സീറ്റ് ഒഴിവ്

ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ ആൻഡ് കൺസ്ട്രക്ഷനും,കേന്ദ്ര പൊതു മേഖലാ സ്ഥാപനമായ ഐ ആർ ഇ എൽ (ഇന്ത്യ) ലിമിറ്റഡും ചേർന്ന് നടത്തുന്ന 25 വനിതകൾക്കുള്ള സൗജന്യ സ്ത്രീ ശാക്തീകരണ തൊഴിൽ നൈപുണ്യ പരിശീലനപദ്ധതിയിൽ സീറ്റ് ഒഴിവ്.

സർട്ടിഫിക്കറ്റ് പ്രോഗ്രാം ഇൻ ഫുഡ് പ്രൊഡക്ഷൻ (കോമീസ് ഷെഫ് ) എന്ന ആറു മാസം ദൈർഘ്യമുള്ള സൂപ്പർവൈസറി പരിശീലനമാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പ്ലസ്ടു വിജയിച്ച 18 വയസിനു മുകളിൽ പ്രായമുള്ള വനിതകൾക്ക് മാത്രമാണ് അവസരം തെരഞ്ഞെടുക്കപ്പെടുന്ന മുഴുവൻ ആളുകളുടെയും ഫീസ് ഐ ആർ ഇ എൽ ഇന്ത്യ ലിമിറ്റഡ് വഹിക്കും.

ടാറ്റ കമ്മ്യൂണിറ്റി ഇനീഷിയേറ്റീവ് ട്രസ്റ്റ് (TCIT) ഇന്ത്യൻ ഹോട്ടൽസ് കമ്പനി ലിമിറ്റഡ് (കളെഘ), ഐ ഐ ഐ സി എന്നീ മൂന്നു സ്ഥാപനങ്ങളും സംയുക്തമായാണ് സർട്ടിഫിക്കേഷൻ നൽകുന്നത്.. ആറു മാസത്തെ പരിശീലനത്തിൽ നാലുമാസം പ്രായോഗിക ക്ലാസുകൾ ഐ ഐ ഐ സി യിലെ ലാബുകളിലായി ക്രമീകരിച്ചിട്ടുണ്ട്. രണ്ടു മാസം രാജ്യത്തെ മുൻ നിര ഹോട്ടലുകളിൽ മേഖലാ പരിശീലനം ഉണ്ടായിരിക്കും. സ്വദേശത്തും വിദേശത്തുമായി നിരവധി ജോലി സാദ്ധ്യതകൾ ഈ മേഖലയിൽ ഉണ്ട്. പദ്ധതിയുടെ ഭാഗമായി പ്രവേശനം നേടുന്ന മുഴുവൻ ആളുകൾക്കും ജോലി ലഭിക്കുവാനുള്ള സാഹചര്യം ഒരുക്കും.

ഒഴിവുള്ള സീറ്റുകളിലേക്ക് കൊല്ലം ജില്ലയിൽ നിന്നുള്ളവർക്ക് അപേക്ഷിക്കാം. ഐ ആർ ഇ എൽ മൈനിങ് പ്രദേശത്തുള്ളവർക്ക് മുൻഗണന ഉണ്ടായിരിക്കും. അപേഷിക്കാനുള്ള അവസാന തീയതി ഫെബ്രുവരി 13. വിശദവിവരങ്ങൾക്ക്: 8078980000.

# അപ്രന്റിസ്ഷിപ്പ് മേള

കേന്ദ്ര നൈപുണ്യ വികസന സംഭരകത്വ മന്ത്രാലയത്തിന്റെയും കേരള സംസ്ഥാന വ്യാവസായിക പരിശീലന വകുപ്പിന്റേയും ആഭിമുഖ്യത്തിൽ പ്രധാനമന്ത്രി നാഷണൽ അപ്രന്റിസ്ഷിപ്പ് മേള ഫെബ്രുവരി 13 ന് തിരുവനന്തപുരം ആർ ഐ സെന്ററിന്റെ നേതൃത്വത്തിൽ ചാക്ക ഐ.ടി.ഐ കാമ്പസിൽ സംഘടിപ്പിക്കുന്നു. ജില്ലയിലെ കേന്ദ്ര സംസ്ഥാന സർക്കാർ സ്ഥാപനങ്ങളും പൊതുമേഖലാ, സ്വകാര്യ സ്ഥാപനങ്ങളും പങ്കെടുക്കുന്ന ഈ മേളയിൽ നിന്നും എൻജിനിയറിങ്/ നോൺ എൻജിനിയറിങ് ട്രേഡുകളിൽ ഐടിഐ യോഗ്യതയുള്ളവരെ ഒരു വർഷം അപ്രന്റീസായി തെരഞ്ഞെടുക്കും. താൽപര്യമുള്ളവർ – ട്രേഡ് സർട്ടിഫിക്കറ്റും മറ്റ് അനുബന്ധരേഖകളമായി ചാക്ക ഗവ ഐടിഐ യിൽ എത്തണം. രജിസ്ട്രേഷൻ ഫെബ്രുവരി 13 രാവിലെ 9ന് ആരംഭിക്കും. കൂടുതൽ വിവരങ്ങൾക്ക് : 0471-2501897, 9744158361, 9446840401.

# കോഴ്സുകൾ കൂട്ടിചേർക്കുന്നതിന് അവസരം

കീം 2026 മുഖേന എഞ്ചിനീയറിംഗ്, ഫാർമസി, ആർക്കിടെക്ചർ, മെഡിക്കൽ അല്ലെങ്കിൽ മെഡിക്കൽ അനുബന്ധ കോഴ്സുകൾ എന്നിവയിൽ ഏതെങ്കിലും കോഴ്സുകളിലേക്ക് ഇതിനോടകം ഓൺലൈനായി അപേക്ഷ സമർപ്പിച്ചിട്ടുള്ള അപേക്ഷകർക്ക്, ആവശ്യമെങ്കിൽ പുതിയ കോഴ്സുകൾ കൂടി അപേക്ഷയിൽ കൂട്ടിച്ചേർക്കുന്നതിനുള്ള (Course Addition) അവസരം ലഭ്യമാക്കി. ആർക്കിടെക്ചർ (B.Arch): കോഴ്സ് കൂട്ടിച്ചേർക്കുന്നവർ കൗൺസിൽ ഓഫ് ആർക്കിടെക്ചർ നടത്തുന്ന ചഅഠഅ പരീക്ഷ എഴുതി നിശ്ചിത യോഗ്യത നേടിയിരിക്കണം. മെഡിക്കൽ & മെഡിക്കൽ അനുബന്ധ കോഴ്സുകൾ കൂട്ടിച്ചേർക്കുന്നവർ NTA നടത്തുന്ന NEET-UG 2026 പരീക്ഷ എഴുതി നിശ്ചിത യോഗ്യത നേടണം. കീം 2026-ന് അപേക്ഷിച്ചവർക്ക് കോഴ്സുകൾ കൂട്ടിച്ചേർക്കുന്നതിന് ഫെബ്രുവരി 12 വൈകുന്നേരം 5 വരെ പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഔദ്യോഗിക വെബ്സൈറ്റായ www.cee.kerala.gov.in ലൂടെ സാധിക്കും. ഫോൺ: 0471-2332120.

# വാഴ്സിറ്റി ദാരിദ്ര്യത്തിൽ; പിന്നെങ്ങനെ ഡി ലിറ്റ് കൊടുക്കും: വിസി ഗീതാകുമാരി

കൊച്ചി: പ്രഖ്യാപിച്ച് അഞ്ചു വർഷം കഴിഞ്ഞിട്ടും നിശോഭനയ്ക്ക് അടക്കം ഡി ലിറ്റ് നൽകി ആദരിക്കാത്തതിനു കാരണം കടുത്ത സാമ്പത്തിക പ്രതിസന്ധിയെന്നു വിസി ഡോ. കെ. ഗീതാകുമാരി. ഒരു പെർമനന്റ് വിസി വന്നു ചടങ്ങ് നടത്താനുള്ള പണം കണ്ടെത്തി ചെയ്യട്ടെ എന്നാണ് ഈ വിഷയത്തിൽ നിലവിലെ വിസി പ്രഫ. കെ. കെ. ഗീതാകുമാരി ദീപിക ഓൺലൈനിനോടു പ്രതികരിച്ചത്. 2021ൽ ആയിരുന്നു ശോഭന, സംസ്കൃത പണ്ഡിതൻ എൻ. പി ഉണ്ണി, ശാസ്ത്രീയ സംഗീതജ്ഞൻ ടി. എം. കൃഷണ എന്നിവരെ ഡി ലിറ്റ് നൽകി ആദരിക്കാൻ തീരുമാനിച്ചത്. എന്നാൽ, ഗവർണർക്കു സമയം കിട്ടാത്തതുകൊണ്ട് ഈ ചടങ്ങ് നീണ്ടുപോയി. കഴിഞ്ഞ ദിവസം ഒരു ചടങ്ങിനു സർവകലാശാലയിൽ എത്തിയപ്പോഴാണ് സൗഹൃദ സംഭാഷണത്തിനിടെ ശോഭന ഇക്കാര്യം സൂചിപ്പിച്ചത്.

2021ൽ ഗർവണർക്കു സമയം കിട്ടിയില്ല, അതുകൊണ്ട് ചടങ്ങ് നടത്തിയില്ല എന്നാണ് അന്നു വിസി പറഞ്ഞത്.

പിന്നെ അദ്ദേഹത്തിന്റെ സമയം കഴിഞ്ഞതിനാൽ കൊടുക്കാൻ പറ്റിയില്ല. അടുത്ത വിസി വന്നു. അദ്ദേഹത്തിനും ചെയ്യാൻ പറ്റിയില്ല. അപ്പോഴേക്കും സാമ്പത്തികമായി യൂണിവേഴ്സിറ്റി വല്ലാത്ത പരാധീനതയിൽപ്പെട്ടു. ഒട്ടും സാമ്പത്തികമില്ല യൂണിവേഴ്സിറ്റിയിൽ. കുട്ടികളുടെ എണ്ണം കുറഞ്ഞു, ഫീസ് കിട്ടുന്നതു കുറഞ്ഞു.

സാമ്പത്തികമായി വളരെ ബുദ്ധിമുട്ടിലാണ്. പെൻഷൻ പറ്റിയവർക്കു പോലും പണം കൊടുക്കാൻ പറ്റുന്നില്ല. അതുകൊണ്ട് ഈ സമയത്തു പത്തു ലക്ഷത്തിലധികം ചെലവു വരുന്ന ഒരു പരിപാടിയെ കുറിച്ചു ചിന്തിക്കാനേ പറ്റില്ല. വിശിഷ്ട വ്യക്തികൾ ഒക്കെ പങ്കെടുക്കുന്ന ഒരു ചടങ്ങ് അതിന്റെ പ്രാധാന്യത്തോടെ നടത്താനുള്ള സാമ്പത്തികമില്ല.ഞാൻ ചുമതലയേറ്റിട്ടു രണ്ടു കൊല്ലമായി എന്നാൽ, ഡി ലിറ്റ് നൽകുന്നതിനു വേണ്ടി ഒരു മീറ്റിംഗ് നടത്തിയിട്ടില്ല. കൊടുക്കില്ല എന്നു പറയുന്നതല്ല. സാമ്പത്തിക ഭദ്രമാകുമ്പോൾ അതിനെക്കുറിച്ച് ആലോചിക്കാമെന്നു മാത്രമേ പറയാനാവൂ. ഒരു പെർമനൻറ് വിസി വന്ന് ഇതു നടത്താനായുള്ള പണം കണ്ടെത്തി ചെയ്യട്ടെ എന്നു മാത്രമേ എനിക്കു പറയാനുള്ളൂ – ഗീതാകുമാരി പറഞ്ഞു.

# വാസ്തുശാസ്ത്ര കോഴ്സിലേക്ക് അപേക്ഷിക്കാം

വാസ്തുവിദ്യാ ഗുരുകുലത്തിന്റെ അക്കാദമിക് വിഭാഗം നടത്തിവരുന്ന പാരമ്പര്യ വാസ്തുശാസ്ത്രത്തിൽ ഹ്രസ്വകാല (6 മാസം) സർട്ടിഫിക്കറ്റ് കോഴ്സിന്റെ മാർച്ചിൽ ആരംഭിക്കുന്ന പുതിയ ബാച്ചിലേക്ക് അപേക്ഷ ക്ഷണിച്ചു. യോഗ്യത: എസ്.എസ്.എൽ.സി. പ്രായപരിധിയില്ല. ഫെബ്രുവരി 28നകം അപേക്ഷിക്കണം. കൂടുതൽവിവരങ്ങൾക്ക്: www.vasthuvidyagurukulam.com, 0468-2319740, 9188089740, 6238366848, 9605458857.

# ലഹരിക്കേസിൽ റിമാൻഡിൽ കഴിഞ്ഞ അഭിഭാഷക ജീവനൊടുക്കി

ആലപ്പുഴ: ലഹരിക്കേസിൽ റിമാൻഡിൽ കഴിഞ്ഞ അഭിഭാഷക ജീവനൊടുക്കി. അമ്പലപ്പുഴ സ്വദേശി അഡ്വ. സത്യമോൾ (46) ആണ് മരിച്ചത്.

ജാമ്യത്തിൽ പുറത്തിറങ്ങിയ ശേഷമാണ് അഭിഭാഷകയെ വീട്ടിൽ തൂങ്ങി മരിച്ച നിലയിൽ കണ്ടെത്തിയത്. സത്യമോളെയും മകനെയും ഒക്ടോബറിൽ പോലീസ് എംഡിഎംഎയുമായി അറസ്റ്റ് ചെയ്തിരുന്നു. വീട്ടിൽ നിന്ന് എംഡിഎംഎ കഞ്ചാവ് എന്നിവ കണ്ടെത്തിയിരുന്നു.

അഭിഭാഷക ഉൾപ്പെട്ട ലഹരിക്കേസ് വലിയ വാർത്താ പ്രാധാന്യം നേടിയിരുന്നു. സംഭവത്തിൽ അസ്വാഭാവിക മരണത്തിന് പോലീസ് കേസെടുത്ത് അന്വേഷണം ആരംഭിച്ചു.

# തുടർഭരണ വിവാദം; കവി സച്ചിതാനന്ദനുമായി കൂടിക്കാഴ്ച നടത്തി സിപിഎം നേതാക്കൾ

തൃശൂർ: തുടർഭരണത്തിനെതിരെ നിലപാടെടുത്ത കവിയും കേരള സാഹിത്യ അക്കാദമി ചെയർമാനുമായ കെ. സച്ചിദാനന്ദനുമായി കൂടിക്കാഴ്ച നടത്തി സിപിഎം തൃശൂർ ജില്ലാ സെക്രട്ടറി കെ. വി. അബ്ദുൽ ഖാദർ. സച്ചിദാനന്ദന്റെ വീട്ടിലെത്തിയാണ് കൂടിക്കാഴ്ച.സാഹിത്യ അക്കാദമി ഉപാധ്യക്ഷൻ അശോകൻ ചരുവിലും അബ്ദുൽ ഖാദറിന് ഒപ്പമുണ്ടായിരുന്നു. മാധ്യമ വാർത്തയുടെ അടിസ്ഥാനത്തിലായിരുന്നു കൂടിക്കാഴ്ചയെന്നും ദൗത്യവുമായിട്ടല്ല സച്ചിമാഷേ കണ്ടതെന്നും കെ.വി.അബ്ദുൾ ഖാദർ പ്രതികരിച്ചു. 'കേരളത്തിൽ നടക്കാനിരിക്കുന്ന തെരഞ്ഞെടുപ്പ് ഉദ്ദേശിച്ചല്ല അക്കാര്യം പറഞ്ഞതെന്നാണ്കെ.സച്ചിദാനന്ദൻ പറഞ്ഞത്.കേരളത്തിലെ ഇടത് മൂല്യം അറിയാത്ത ആളല്ല അദ്ദേഹം. സച്ചിദാനന്ദൻ പാർട്ടി അംഗമല്ല. സച്ചി മാഷുമായുള്ള കൂടിക്കാഴ്ച ഊഷ്മളമായിരുന്നു.പാർട്ടി ജില്ലാ നേതൃത്വത്തിന് എപ്പോൾ വേണമെങ്കിലും സച്ചി മാഷെ കാണാം. സച്ചിമാഷിന്റെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ വിവാദം അടഞ്ഞ അധ്യായമാണ്'.കെ.വി.അബ്ദുൾ ഖാദർ പറഞ്ഞു. താൻ പറഞ്ഞ കാര്യങ്ങളുടെ യാഥാർഥ്യം മനസിലാക്കാൻ സൈബറിടങ്ങളിലെ ആൾക്കൂട്ടത്തിന് കഴിഞ്ഞില്ല.ഫാസിസത്തിനെതിരെ കടുത്ത നിലപാട് സ്വീകരിക്കുന്നആളാണ് താൻ.ഇതൊന്നും മനസിലാകാത്തവരോട് മറുപടി പറയേണ്ടി വരുന്നതിൽ ലജ്ജ തോന്നുന്നെന്നും ഫേസ്ബുക്കിൽ കെ.സച്ചിദാനന്ദൻ കുറിച്ചു.

# സിഎം റിസർച്ചർ സ്കോളർഷിപ്പ്

കേരള സംസ്ഥാന സർവ്വകലാശാലകളിലെ സ്ഥിരം ഗവേഷണ വിദ്യാർത്ഥികൾക്കുള്ള സിഎം റിസർച്ചർ സ്കോളർഷിപ്പിനായി 2023, 2024 വർഷത്തിൽ പ്രവേശനം നേടിയവരിൽ നിന്നും അപേക്ഷകൾ ക്ഷണിച്ചു. JRF, MANF, RGNF, PMRF, കേന്ദ്ര/സംസ്ഥാന സർക്കാരിന്റെയോ സർവ്വകലാശാലകളുടെയോ മറ്റു ഫെല്ലോഷിപ്പുകളോ സഹായമോ ലഭിക്കാത്ത വിദ്യാർത്ഥികളായിരിക്കണം അപേക്ഷകർ. ഫെബ്രുവരി 20നകം അപേക്ഷ സമർപ്പിക്കണം. വിശദവിവരങ്ങൾക്ക്: collegiateedu.kerala.gov.in, www.dcescholarship.kerala.gov.in, 9447096580, 9188900228, cmresearcherscholarship@gmail.com.

# ടെക്നോപാർക്കിലെ ഡി ക്യൂബ് എഐയുടെ ഇൻഫ്രാസ്ട്രക്ചർ മോണിറ്ററിംഗ് ഉപകരണത്തിന് ദേശീയ പേറ്റൻറ്

തിരുവനന്തപുരം: ടെക്നോപാർക്ക് ആസ്ഥാനമായി പ്രവർത്തിക്കുന്ന സോഫ്റ്റ് വെയർ സൊല്യൂഷൻസ് കമ്പനിയായ ഡി ക്യൂബ് എഐ വികസിപ്പിച്ച ഇൻഫ്രാസ്ട്രക്ചർ മോണിറ്ററിംഗ് ഉപകരണമായ 'ഡിമോൺ' ന് ഭാരത സർക്കാരിൻറെ പേറ്റൻറ് ലഭിച്ചു.



ടെക്നോപാർക്ക് ഫേസ് 3 ആസ്ഥാനമായി പ്രവർത്തിക്കുന്ന ഡി ക്യൂബ് എഐക്ക് പേറ്റൻറ് നമ്പർ 579084 കഴിഞ്ഞ മാസമാണ് അനുവദിച്ചത്. 20 വർഷമാണ് പേറ്റൻറിൻറെ കാലാവധി.കുറഞ്ഞ വൈദ്യുതി ഉപയോഗിച്ച് പ്രവർത്തനം സാധ്യമാകുന്ന പ്ലഗ്-ആൻഡ്-പ്ലേ ഉപകരണമാണ് 'ഡിമോൻ'. ഇ എസ് പി 32 അടിസ്ഥാനമാക്കിയുള്ള പ്ലഗ് ആൻഡ് പ്ലേ ഉപകരണമായ ഡിമോൻ ഇൻഫ്രാസ്ട്രക്ചർ മോണിറ്ററിംഗിനൊപ്പം സൈബർ സുരക്ഷയും ഉറപ്പാക്കുന്ന സംവിധാനമാണ്. ഇത് വൈറസ് ആക്രമണ സാധ്യതകളെ ഇല്ലാതാക്കുന്നു. എഐയും സാങ്കേതികവിദ്യകളും ഉപയോഗിച്ച് റിമോട്ട് മോണിറ്ററിംഗും നിരവധി ഉപകരണങ്ങളുടെ നിയന്ത്രണവും ഇത് സാധ്യമാക്കുന്നു.ഡി ക്യൂബ് എഐ സിഇഒ ബിനൂപ് ലാൽ ആണ് ഈ ആശയം വികസിപ്പിച്ചത്. ചീഫ് ടെക്നിക്കൽ ഓഫീസർ ഷാജു ആർ, ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ മനു മാധവൻ എന്നിവർ ചേർന്നാണ് ഉത്പന്നം വികസിപ്പിച്ചത്.ആരോഗ്യമേഖല, ബാങ്കിംഗ്, വിമാനത്താവളങ്ങൾ, തുറമുഖങ്ങൾ, ധനകാര്യ സ്ഥാപനങ്ങൾ, ചെറുകിട ഇടത്തരം സംരംഭങ്ങൾ എന്നിവിടങ്ങളിൽ ഉപയോഗിക്കാൻ അനുയോജ്യമായ ഈ സംവിധാനം പരമ്പരാഗത മോണിറ്ററിംഗ് സംവിധാനങ്ങളെ അപേക്ഷിച്ച് ചെലവുകുറഞ്ഞ ഉപകരണമാണ്.

2019 ൽ പ്രവർത്തനമാരംഭിച്ച ഡി ക്യൂബ് എഐയ്ക്ക് യുഎസ്എ, യുകെ, യുഎഇ എന്നിവിടങ്ങളിൽ ബ്രാഞ്ചുകളുണ്ട്. പേറ്റൻറ് ബഹുമതി കമ്പനിയുടെ നവീകരണ കരുത്തിനെയും ആഗോള വളർച്ചാ സാധ്യതകളെയും ശക്തിപ്പെടുത്തുന്നതാണ്.കൂടുതൽ വിവരങ്ങൾക്ക് www.dcubeai.com

# ഉപയോഗിച്ച വാഹനങ്ങൾ അംഗീകൃത ഡീലർമാരിൽ നിന്നും വാങ്ങാനും വിൽക്കാനും ശ്രദ്ധിക്കണം: ട്രാൻസ്പോർട്ട് കമ്മീഷണർ

ഉപയോഗിച്ച വാഹനങ്ങൾ വാങ്ങാനോ വിൽക്കാനോ ആഗ്രഹിക്കുന്നവർ അംഗീകൃത യൂസ്ഡ് കാർ ഡീലർമാർ വഴി മാത്രമേ ഇടപാടുകൾ നടത്താൻ പാടുള്ളൂവെന്ന് സംസ്ഥാന ട്രാൻസ്പോർട്ട് കമ്മീഷണർ നാഗരാജു ചക്കിലം അറിയിച്ചു. നിലവിൽ വിപണിയിൽ ലൈസൻസില്ലാതെ അനധികൃതമായി പ്രവർത്തിക്കുന്ന നിരവധി സെക്കൻഡ് ഹാൻഡ് വാഹന ഡീലർമാർ സജീവമാണ്. ഇത്തരത്തിലുള്ള ഡീലർമാരിൽ നിന്നും വാഹനങ്ങൾ വാങ്ങുകയോ വിൽക്കുകയോ ചെയ്യുന്നത് തട്ടിപ്പുകളിലേക്ക് നയിക്കാൻ ഇടയാക്കും.ഒരു വാഹനം വിൽക്കുമ്പോൾ പഴയ ഉടമയിൽ നിന്ന് അംഗീകൃത യൂസ്ഡ് വാഹന ഡീലറിലേക്കും തുടർന്ന് വാങ്ങുന്ന പുതിയ ഉടമയിലേക്കും ഉടമസ്ഥാവകാശം നിയമപരമായി കൈമാറാൻ അംഗീകൃത ഡീലർമാർക്ക് മാത്രമേ സാധിക്കുകയുള്ളൂ. വാഹനം വിറ്റ ശേഷവും രേഖകളിൽ ഉടമസ്ഥാവകാശം മാറാതിരിക്കുന്നത് വലിയ അപകടമാണ്. അത്തരം സാഹചര്യത്തിൽ ആ വാഹനം ഉപയോഗിച്ച് നടത്തുന്ന നിയമവിരുദ്ധ പ്രവർത്തനങ്ങൾ, ചല്ലാനുകൾ, വാഹനാപകടങ്ങൾ എന്നിവയ്ക്ക് പഴയ ഉടമസ്ഥൻ നിയമപരമായി ബാധ്യസ്ഥനാകും.

വ്യക്തികൾ തമ്മിൽ നേരിട്ടാണ് ഇടപാട് നടത്തുന്നതെങ്കിൽ, വാഹനത്തിന്റെ ആർ.സി ബുക്ക്, ഇൻഷുറൻസ്, ടാക്സ് തുടങ്ങിയ രേഖകൾ കൃത്യമാണെന്നും ഉടമസ്ഥാവകാശം അടിയന്തരമായി കൈമാറ്റം ചെയ്യപ്പെടുന്നുണ്ടെന്നും ഉറപ്പ് വരുത്തണം.പൊതു ജനങ്ങൾ അവർ ഉപയോഗിച്ച വാഹനം സെക്കന്റ് ഹാന്റ്/ യൂസ്ഡ് കാർ ഡീലർമാർക്ക് വിൽക്കുമ്പോൾ/ വാങ്ങുമ്പോൾ അവർക്ക് ഫോം 29 ബി പ്രകാരമുള്ള അംഗീകൃത ഡീലർ ഓതറൈസേഷൻ സർട്ടിഫിക്കറ്റ് ഉണ്ടെന്ന് ഉറപ്പ് വരുത്തണം. വാഹനത്തിന്റെ ഉടമസ്ഥാവകാശം താൽക്കാലികമായി വാഹൻ പോർട്ടൽ വഴി ഫോം 29 സി മുഖേന പ്രസ്തുത ഡിലർക്ക് കൈമാറണം. വാഹനങ്ങൾ വാങ്ങുന്നതിനും വിൽക്കുന്നതിനും മുൻപായി ബന്ധപ്പെട്ട ഡീലർക്ക് മോട്ടോർ വാഹന വകുപ്പ് നൽകിയ സാധുവായ ഡീലർ ഓതറൈസേഷൻ സർട്ടിഫിക്കറ്റ് ഉണ്ടെന്ന് ഉറപ്പാക്കണം. ഓതറൈസേഷൻ സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുള്ള ഡീലർമാരുടെ പട്ടിക https://mvd.kerala.gov.in ൽ പരിശോധിക്കാം.

# ഇതുവരെ ബ്രാഹ്മണർ; അടുത്ത അധ്യക്ഷൻ എസ്സി എസ്ടി ആണോയെന്ന് പറയാനാവില്ല: മോഹൻ ഭാഗവത്

മുംബൈ: ആർഎസ്എസ് ആരംഭിച്ചതു മുതൽ ബ്രാഹ്മണ സമുദായത്തിൽനിന്നുള്ളവരാണ് ഉന്നത പദവി അലങ്കരിക്കുന്നതെന്നും അടുത്ത അധ്യക്ഷൻ പട്ടികജാതി-പട്ടികവർഗത്തിൽനിന്നുള്ള ആളാണോ എന്നു പറയാൻ കഴിയില്ലെന്നും ആർഎസ്എസ് അധ്യക്ഷൻ മോഹൻ ഭാഗവത്. അതു തെരഞ്ഞെടുക്കുന്നവരുടെ പരിഗണനയാണ്.

പ്രായാധിക്യത്തിലും തുടരാനാണ് ആർഎസ്എസ് ആവശ്യപ്പെട്ടതെന്നും സംഘടന നിർദേശിച്ചാൽ എപ്പോൾ വേണമെങ്കിലും അധ്യക്ഷപദവി ഒഴിയാൻ തയാറാണെന്നും അദ്ദേഹം പറഞ്ഞു. റിട്ടയർമെൻറ് ഇല്ല

ആർഎസ്എസ് അധ്യക്ഷൻ ഒരു ഹിന്ദു ആയിരിക്കണം. ജാതിയോ സമുദായ പരിഗണനയോ നോക്കിയല്ല, പ്രവർത്തനം വിലയിരുത്തിയാണ് സ്വയം സേവകനു പദവികൾ ലഭിക്കുന്നത്. പ്രാദേശിക, ഡിവിഷണൽ അധ്യക്ഷന്മാരാണ് സർസംഘചാലകിനെ തെരഞ്ഞെടുക്കുന്നത്. 75 വയസു കഴിഞ്ഞവർ സംഘടനയിൽ പദവികളൊന്നുമില്ലാതെ തുടരുകയാണ് പതിവെന്നും ആർഎസ്എസിന്റെ നൂറാം ജന്മവാർഷികത്തോടനുബന്ധിച്ചു സംഘടിപ്പിച്ച ചർച്ചയിൽ പങ്കെടുത്തു മോഹൻ ഭാഗവത് പറഞ്ഞു.

അവസാന തുള്ളി രക്തം പൊടിയുന്നതുവരെ സംഘടനയുടെ വോളൻറിയർ ആയി തുടരണം. റിട്ടയർമെൻറ് എന്നൊന്ന് ആർഎസ്എസിന്റെ ചരിത്രത്തിൽ ഇല്ലെന്നും മോഹൻ ഭാഗവത് കൂട്ടിച്ചേർത്തു.

വിരോധമില്ല

ഇംഗ്ലീഷ് അല്ല സംഘത്തിന്റെ ആശയമാധ്യമം. ആ ഭാഷയോടു വിദ്വേഷമില്ല. ദക്ഷിണഭാരതത്തിലുള്ള പലർക്കും ഹിന്ദി അറിഞ്ഞുകൊള്ളണമെന്നില്ല. അതിനാൽ അവരുടെ ചോദ്യങ്ങൾക്ക് ഇംഗ്ലീഷിൽ മറുപടി പറയേണ്ടിവരും. ഏതെങ്കിലും മതത്തെ ലക്ഷ്യംവച്ചല്ല സംഘത്തിന്റെ പ്രവർത്തനം. ഭൂമിശാസ്ത്രപരമായാണ്. ഒരു പ്രദേശത്ത് ആയിരം പേരുണ്ടെങ്കിൽ അവിടെ പ്രവർത്തനം ആരംഭിക്കും. അതിനാൽ എല്ലാ സമുദായങ്ങളുടെയും പ്രാതിനിധ്യമുണ്ടാകും. അഴിമതിക്കെതിരേ ശക്തമായ നിലപാടാണ് സംഘത്തിനുള്ളത്. അഴിമതി ആളുകളുടെ മനസിലാണ്. അതു സിസ്റ്റത്തിന്റെ ഭാഗമല്ല. ചിലർ സിസ്റ്റത്തെ അഴിമതിയിലാക്കും. ചിലർ സിസ്റ്റത്തെ പരിപോഷിപ്പിക്കാൻ ശ്രമിക്കും - മോഹൻ ഭാഗവത് കൂട്ടിച്ചേർത്തു.

ആർഎസ്എസിന്റെ ഇതുവരെയുള്ള ആറ് സർസംഘചാലക്മാരിൽ അഞ്ചു പേരും ബ്രാഹ്മണ സമുദായത്തിൽനിന്നുള്ളവരായിരുന്നു. ഒരാൾ ക്ഷത്രിയ വിഭാഗക്കാരനായിരുന്നു.

# ജൈവമാലിന്യത്തിൽ നിന്ന് ഊർജ്ജം : കൊല്ലം കുരീപ്പുഴയിൽ സിബിജി പ്ലാന്റ് വരുന്നു

ജൈവമാലിന്യസംസ്കരണത്തെ കൂടുതൽ ഫലപ്രദമാക്കുകയും സംസ്ഥാനത്തിന്റെ സർക്കുലർ ഇക്കോണമി ലക്ഷ്യങ്ങളും സുസ്ഥിര മാലിന്യസംസ്കരണവും വേസ്റ്റ് ടു വെൽത്ത്' ആശയം ശക്തിപ്പെടുത്തുകയും ചെയ്യുന്നതിനായി കൊല്ലം ജില്ലയിലെ കുരീപ്പുഴയിൽ ജൈവമാലിന്യത്തെ കംപ്രസ്ഡ് ബയോഗ്യാസ് ആക്കി മാറ്റുന്ന പ്ലാന്റ് സ്ഥാപിക്കുന്നു. ഫെബ്രുവരി 11-ന് ഉച്ചയ്ക്ക് 1ന് തിരുവനന്തപുരം തൈക്കാട് ഗവൺമെന്റ് ഗസ്റ്റ് ഹൗസിൽ നടക്കുന്ന ചടങ്ങിൽ പ്ലാന്റിനായുള്ള ബഹുകക്ഷി കരാർ ഒപ്പുവയ്ക്കും.

ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ്, തദ്ദേശ സ്വയംഭരണ വകുപ്പ്, ശുചിത്വ മിഷൻ, കൊല്ലം മുനിസിപ്പൽ കോർപ്പറേഷൻ, വിവിധ മുനിസിപ്പാലിറ്റികളും ഗ്രാമപഞ്ചായത്തുകളും എന്നിവയുടെ സഹകരണത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്.

പ്രതിദിനം കുറഞ്ഞത് 120 ടൺ ജൈവമാലിന്യം ശാസ്ത്രീയമായി സംസ്കരിക്കാൻ ശേഷിയുള്ള പ്ലാന്റ്, ആവശ്യാനുസരണം 150 ടൺ വരെ വികസിപ്പിക്കാനാവും. മാലിന്യത്തിൽ നിന്ന് കംപ്രസ്ഡ് ബയോഗ്യാസ് ഉൽപാദിപ്പിക്കുന്നതോടൊപ്പം ജൈവവളം ഉൾപ്പെടെയുള്ള മൂല്യവർധിത ഉപോൽപ്പന്നങ്ങളും നിർമ്മിക്കും. ഇതു വഴി ലാൻഡ്ഫില്ലുകളുടെ ആശ്രയം കുറയ്ക്കാനും ഹരിതഗൃഹ വാതക ബഹിർഗമനം നിയന്ത്രിക്കാനും ഹരിത ഊർജ്ജ ഉൽപാദനം പ്രോത്സാഹിപ്പിക്കാനും സാധിക്കും.

കൊല്ലം കോർപ്പറേഷന്റെ കരിപ്പുഴയിലെ 7 ഏക്കർ ഭൂമിയിൽ പ്ലാന്റിന്റെ രൂപകൽപ്പന, നിർമ്മാണം, പ്രവർത്തനം, പരിപാലനം എന്നിവ ബി.പി.സി.എൽ സ്വന്തം ചെലവിൽ നിർവഹിക്കും പദ്ധതിയുടെ സുഗമമായ നടപ്പാക്കലിനായി ആവശ്യമായ ജൈവമാലിന്യ ലഭ്യത ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഉറപ്പുവരുത്തും. കൊല്ലം മുനിസിപ്പൽ കോർപ്പറേഷൻ, കൊട്ടാരക്കര, പരവൂർ, കരുനാഗപ്പള്ളി മുനിസിപ്പാലിറ്റികൾ, ചവറ, നീണ്ടകര, തൃക്കരുവ, പെരിനാട്, തൃക്കോവിലട്ടം, മയ്യനാട്, ചാത്തന്നൂർ, പനയം, കൊട്ടങ്കര എന്നീ ഗ്രാമപഞ്ചായത്തുകൾ എന്നിവിടങ്ങളിൽ നിന്നുള്ള ജൈവമാലിന്യങ്ങളാണ് പ്ലാന്റിൽ സംസ്കരിക്കുന്നത്.

സംസ്ഥാനത്ത് ബി.പി.സി.എൽ നടപ്പാക്കുന്ന മൂന്നാമത്തെ സി.ബി.ജി. പ്ലാന്റാണ് കൊല്ലത്തേത്. കൊച്ചിയിലെ പ്ലാന്റ് പൂർത്തീകരണ ഘട്ടത്തിലും കോഴിക്കോട് കോർപ്പറേഷനിലെ പ്ലാന്റിനായി തുടർനടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുകയുമാണ്.

# ബാസ് ഡി ബാഷ്! നമീബിയയെ ഏഴുവിക്കറ്റിന് വീഴ്ത്തി നെതർലൻഡ്സ്

ന്യൂഡൽഹി: ട്വന്റി20 ലോകകപ്പിൽ നമീബിയക്കെതിരെ നെതർലൻഡ്സിന് തകർപ്പൻ ജയം. ഡൽഹി അരുൺ ജെയ്റ്റ്ലി സ്റ്റേഡിയത്തിൽ നടന്ന മത്സരത്തിൽ ഏഴു വിക്കറ്റിനാണ് ഡച്ച് ടീമിന്റെ വിജയം. നമീബിയ ഉയർത്തിയ 157 റൺസ് വിജയലക്ഷ്യം18 ഓവറിൽ മൂന്നു വിക്കറ്റ് മാത്രം നഷ്ടപ്പെടുത്തി നെതർലൻഡ്സ് മറികടന്നു.

പന്തുകൊണ്ടും പിന്നീട് ബാറ്റ് കൊണ്ടും മിന്നുന്ന പ്രകടനം കാഴ്ചവച്ച ബാസ് ഡി ലീഡ് ആണ് നെതർലൻഡ്സിന് അനായാസ വിജയം സമ്മാനിച്ചത്. 48 പന്തിൽ നിന്ന് അഞ്ച് ഫോറുകളും നാല് സിക്സറുകളും ഉൾപ്പെടെ 72 റൺസെടുത്ത ബാസ് ഡി ലീഡ് പുറത്താകാതെ നിന്നു.

കോളിൻ അക്കർമാൻ (32), ഓപ്പണർ മൈക്കൽ ലെവിറ്റ് (28), നായകൻ സ്കോട്ട് എഡ്വേർഡ്സ് (18*) എന്നിവരും താരത്തിന് മികച്ച പിന്തുണ നല്കി. നമീബിയയ്ക്കു വേണ്ടി ബെർണാഡ് ഷോൾസ്, റൂബൻ ട്രംപൽമാൻ, ജാൻ നിക്കോൾ ലോഫ്റ്റി ഈറ്റോൺ എന്നിവർ ഓരോ വിക്കറ്റ് വീതം വീഴ്ത്തി.

നേരത്തെ, ടോസ് നഷ്ടമായി ബാറ്റിംഗിനിറങ്ങിയ നമീബിയ 42 റൺസെടുത്ത ജാൻ നിക്കോൾ ലോഫ്റ്റി ഈറ്റോണിന്റെ ബലത്തിലാണ് ഭേദപ്പെട്ട സ്കോറിലെത്തിയത്. താരത്തെ കൂടാതെ, ജാൻ ഫ്രൈലിങ്ക് (30), ജെ. ജെ. സ്മിത്ത് (22), നായകൻ ജെർഹാർഡ് ഇറാസ്മസ് (18) എന്നിവർക്കു മാത്രമേ രണ്ടക്കം കടക്കാനായുള്ളൂ. നെതർലൻഡ്സിനു വേണ്ടി ലോഗൻ വാൻ ബീക്, ബാസ് ഡെ ലീഡ് എന്നിവർ രണ്ടുവിക്കറ്റ് വീതം വീഴ്ത്തിയപ്പോൾ ആര്യൻ ദത്ത്, ഫ്രെഡ് ക്ലാസൻ എന്നിവർ ഓരോ വിക്കറ്റ് വീതം വീഴ്ത്തി.

ജയത്തോടെ രണ്ട് മത്സരങ്ങളിൽ രണ്ട് പോയൻറുമായി നെതർലൻഡ്സ് നെറ്റ് റൺറേറ്റിൽ ഇന്ത്യക്ക് പിന്നിൽ രണ്ടാം സ്ഥാനത്തെത്തി. ഈ വിജയത്തോടെ ഡച്ച് ടീമിന്റെ സൂപ്പർ എട്ട് സാധ്യതകൾ സജീവമായി.

# ലോക്സഭാ സ്പീക്കർക്കെതിരേ പ്രതിപക്ഷത്തിന്റെ അവിശ്വാസ നോട്ടീസ്; 118 എംപിമാർ ഒപ്പുവച്ചു

ന്യൂഡൽഹി: ലോക്സഭയിൽ സ്പീക്കർ ഓം ബിർളയ്ക്കെതിരെ അവിശ്വാസ നോട്ടീസ് നൽകി ഇന്ത്യാ സഖ്യം. ഡെപ്യൂട്ടി സ്പീക്കർ ഇല്ലാത്ത സാഹചര്യത്തിൽ സെക്രട്ടറി ജനറലിനാണ് പ്രതിപക്ഷ നേതാക്കൾ സ്പീക്കർക്കെതിരായ നോട്ടീസ് കൈമാറിയത്. എംപിമാരുടെ സസ്പെൻഷൻ പിൻവലിക്കണം എന്ന കത്തും സ്പീക്കർക്ക് നൽകി. 14 ദിവസത്തിന് ശേഷമായിരിക്കും നോട്ടീസ് പരിഗണിക്കുക.

118 എംപിമാരാണ് നോട്ടീസിൽ ഒപ്പുവച്ചത്. അതേസമയം, തൃണമൂൽ കോൺഗ്രസും എൻസിപിയും നോട്ടീസിൽ ഒപ്പിട്ടില്ല. ഇന്ത്യാ സഖ്യം യോഗം ചേർന്നാണ് സ്പീക്കറെ നീക്കാനുള്ള നോട്ടീസ് നൽകാൻ തീരുമാനിച്ചത്. എന്നാൽ, മമത ബാനർജി കോൺഗ്രസിനോട് ഇടഞ്ഞു നിൽക്കുന്ന സാഹചര്യത്തിലാണ് തൃണമൂൽ ഒപ്പുവയ്ക്കില്ലെന്ന് അറിയിച്ചത്.

ലോക്സഭാ ചരിത്രത്തിൽ നാലാം തവണയും എൻഡിഎ ഭരണത്തിൽ ആദ്യവുമായാണ് സ്പീക്കർക്കെതിരെ അവിശ്വാസ നോട്ടീസ് നൽകുന്നത്.

ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധിയെ സംസാരിക്കാൻ അനുവദിക്കുന്നില്ല, പ്രതിഷേധിച്ച എട്ട് എംപിമാർക്ക് സമ്മേളന കാലം മുഴുവൻ സസ്പെൻഷൻ നൽകി, പ്രധാനമന്ത്രിക്കെതിരെ പ്രതിഷേധിച്ച വനിതാ എംപിമാർക്കെതിരെ തെറ്റായ പ്രചാരണം നടത്തി തുടങ്ങിയ കാരണങ്ങൾ ചൂണ്ടിക്കാട്ടിയാണ് സ്പീക്കറെ നീക്കുന്നതിനുള്ള പ്രമേയം സഭയിൽ കൊണ്ടുവരാൻ പ്രതിപക്ഷം നീക്കം നടത്തുന്നത്.

# കുട്ടി താഴെ വീണിട്ടും അറിയാതെ ഓട്ടോയുടെ പാച്ചിൽ; ദൃശ്യങ്ങൾ പുറത്ത്

കൊയിലാണ്ടി: സ്കൂളിൽ നിന്നു കൂട്ടുകാർക്കൊപ്പം ഓട്ടോറിക്ഷയിൽ വീട്ടിലേക്കു പോവുകയായിരുന്ന വിദ്യാർത്ഥിനി റോഡിൽ തെറിച്ചുവീണ സംഭവത്തിൽ സ്കൂൾ അധികൃതർ അടിയന്തര യോഗം ചേർന്നു.

കഴിഞ്ഞ തിങ്കളാഴ്ച വൈകുന്നേരമായിരുന്നു അപകടം. കൊയിലാണ്ടി കോതമംഗലം ജിഎൽപി സ്കൂളിലെ ഒന്നാം ക്ലാസ് വിദ്യാർത്ഥിനി മണമൽ ചെമ്പിൽ വയൽ രാകേഷിന്റെ മകൾ ആരാധ്യ (ആറ്) യാണ് ഓട്ടോയിൽനിന്നു തെറിച്ചു വീണത്. കുറുവങ്ങാട് സെൻട്രൽ യു പി സ്കൂളിനു സമീപം നാലോടെയായിരുന്നു സംഭവം.

അമിതവേഗത്തിൽ പോവുകയായിരുന്നു ഓട്ടോറിക്ഷയിൽനിന്നു കുട്ടി റോഡിലേക്കു തെറിച്ചു വീഴുകയായിരുന്നു. കുട്ടി തെറിച്ചു വീണത് അറിയാതെ ഓട്ടോ കുറെക്കൂടി മുന്നോട്ട് ഓടി. വീണ ഉടൻതന്നെ റോഡിൽനിന്നു ചാടി എഴുന്നേൽക്കുന്ന കുട്ടിയുടെ ദൃശ്യം സമീപത്തെ സിസിടിവിയിൽ പതിഞ്ഞിട്ടുണ്ട്. കുട്ടിയുടെ കാലിനും കൈയ്ക്കും പരിക്കുണ്ട്.

സംഭവം നടന്ന ഉടൻ ഓടിക്കൂടിയവർ കുട്ടിയെ കൊയിലാണ്ടി താലൂക്ക് ആശുപത്രിയിൽ എത്തിച്ചു. സ്കൂൾ വിദ്യാർത്ഥികളെയും കൊണ്ടു പോകുന്ന പല വാഹനങ്ങളും സമയത്തിന് എത്താൻ അമിതവേഗത്തിയിലാണ് പോകുന്നതെന്ന പരാതി നേരത്തെ ഉയർന്നിട്ടുണ്ട്.

കുട്ടികൾ വീഴാതിരിക്കാൻ ഓട്ടോയിൽ സുരക്ഷാവേലി വേണമെന്നാണ് നിർദേശമെങ്കിലും പല വാഹനങ്ങളിലും ഇതില്ലെന്നും ആക്ഷേപവും ഉണ്ട്. അനുവദനീയമായതിൽ കൂടുതൽ കുട്ടികളെ ഓട്ടോയിൽ കുത്തിനിറച്ചു കൊണ്ടുപോകുന്നുവെന്ന പരാതിയും ഉയർന്നിട്ടുണ്ട്. സംഭവത്തെത്തുടർന്നു സ്കൂൾ അധികൃതർ സ്കൂളിൽനിന്നു വിദ്യാർത്ഥികളെ കൊണ്ടുപോകുന്ന ഓട്ടോറിക്ഷ ഡ്രൈവർമാരുടെ യോഗം വിളിച്ചുചേർത്തു വിഷയം ചർച്ച ചെയ്തു.

# ഗൾഫിലെ യുഎസ് താവളങ്ങൾ മിസൈൽ പരിധിയിലെന്ന് ഇറാന്റെ മുന്നറിയിപ്പ്

ടെഹ്റാൻ: ഗൾഫ് മേഖലയിൽ അമേരിക്കയുമായുള്ള സൈനിക സംഘർഷം മുറുകുന്നതിനിടെ, മേഖലയിലെ അമേരിക്കൻ സൈനിക താവളങ്ങൾ തങ്ങളുടെ മിസൈൽ പരിധിയിലാണെന്ന മുന്നറിയിപ്പുമായി ഇറാൻ. തങ്ങളെ ആക്രമിക്കാൻ മുതിർന്നാൽ ഗൾഫ് രാജ്യങ്ങളിൽ നിലയുറപ്പിച്ചിട്ടുള്ള അമേരിക്കൻ കേന്ദ്രങ്ങളെ ശക്തമായി ആക്രമിക്കുമെന്ന് ഇറാൻ വിദേശകാര്യമന്ത്രി അബ്ബാസ് അരാഗ്ചി വ്യക്തമാക്കി. യുറേനിയം സമ്പുഷ്ടീകരണത്തിൽനിന്നു പിന്നോട്ടില്ലെന്നും അമേരിക്കയുടെ സൈനിക വിന്യാസം തങ്ങളെ ഭയപ്പെടുത്തുന്നില്ലെന്നും ഇറാൻ മന്ത്രി കൂട്ടിച്ചേർത്തു.

**താവളങ്ങൾ തകർക്കാം**

മേരിക്കൻ മണ്ണിൽ ആക്രമണം നടത്തുക സാധ്യമല്ലെങ്കിലും അയൽരാജ്യങ്ങളിലെ അമേരിക്കൻ താവളങ്ങൾ തകർക്കാൻ തങ്ങൾക്കു കഴിയുമെന്ന് അൽ ജസീറയ്ക്കു നൽകിയ അഭിമുഖത്തിൽ അരാഗ്ചി പറഞ്ഞു. അയൽരാജ്യങ്ങളെ തങ്ങൾ ആക്രമിക്കില്ലെന്നും എന്നാൽ അവിടെയുള്ള യുഎസ് സാന്നിധ്യം ലക്ഷ്യമിടുമെന്നുമാണ് ഇറാന്റെ നിലപാട്.

**2000 മിസൈലുകൾ**

ശക്തമായ വ്യോമസേനയുടെ അഭാവത്തിൽ ഇറാൻ പ്രതിരോധത്തിന്റെ നട്ടെല്ല് അവരുടെ ബാലസ്റ്റിക് മിസൈലുകളാണെന്നു വിദഗ്ധർ ചൂണ്ടിക്കാട്ടുന്നു. ഏകദേശം 2,000 മധ്യദൂര ബാലസ്റ്റിക് മിസൈലുകൾ ഇറാന്റെ പക്കലുണ്ടെന്നാണു കണക്കാക്കപ്പെടുന്നത്. ഖോറംഷഹർ, സെജ്ജിൽ, ഇമാദ്, ഖദർ-1,ഫത്തഹ്-1,ഖൈബർ ഷെക്കാൻ, ദെസ്ഫുൾ തുടങ്ങിയ മാരകപ്രഹരശേഷിയുള്ള മിസൈലുകൾ ഇറാന്റെ പക്കലുണ്ട്.

**ആക്രമണ ലക്ഷ്യങ്ങൾ**

ഖത്തറിലെ അൽ ഉദൈദ്, ബഹ്റൈനിലെ യുഎസ് നേവൽ ആസ്ഥാനം, കുവൈറ്റ്, ഇറാക്ക്, സിറിയ, സൗദി എന്നിവിടങ്ങളിലെ താവളങ്ങൾ, ഇസ്രയേൽ, തുർക്കിയിലെ ഇൻസിർലിക്, ജോർദാൻ, കുവൈറ്റ് എന്നിവിടങ്ങളിലെ കേന്ദ്രങ്ങൾ, യുഎഇയിലെ അൽ ദാഫ്ര, ഇറാഖിലെ അൽ അസദ്, ഖത്തർ, ബഹ്റൈൻ താവളങ്ങൾ, കുവൈറ്റിലെ അഹമ്മദ് അൽ ജാബർ, അലി അൽ സലേം താവളങ്ങൾ, സിറിയയിലെ കേന്ദ്രങ്ങൾ, സൗദിയിലെ പ്രിൻസ് സുൽത്താൻ എയർ ബേസ് ഇറാഖിലെയും യുഎഇയിലെയും താവളങ്ങൾ തുടങ്ങിയവയെ നശിപ്പിക്കുമെന്നാണ് ഇറാന്റെ ഭീഷണി.

## ബിൽ അടച്ചില്ല, 70,000 രൂപ കുടിശിക; ജിഎസ്ടി ഓഫീസിലെ ഫ്യൂസ് ഊരി കെഎസ്ഇബി

കൊച്ചി: വൈദ്യുതി കുടിശിക അടക്കാത്തതിനാൽ ആലുവ സെൻട്രൽ ജിഎസ്ടി ഓഫീസിന്റെ ഫ്യൂസ് ഊരി കെഎസ്ഇബി. 70, 000 രൂപയാണ് കുടിശിക അടയ്ക്കാനുള്ളത്. ഇന്ന് രാവിലെയാണ് കെഎസ്ഇബി ഉദ്യോഗസ്ഥർ എത്തി ജിഎസ്ടി ഓഫീസിലെ ഫ്യൂസ് ഊരിയത്. ഫെബ്രുവരി മുതലുള്ള ബിൽ ആണ് അടയ്ക്കാതിരുന്നത്. ഇതുമായി ബന്ധപ്പെട്ട് കെഎസ്ഇബി ജിഎസ്ടി ഓഫീസിലേക്ക് കത്ത് നൽകിയിലെങ്കിലും അതിൽ പ്രതികരണമില്ലാതെ വന്നതോടെയാണ് ഉദ്യോഗസ്ഥർ എത്തി ഫ്യൂസ് ഊരിയത്. മൂന്നു നില കെട്ടിടമാണ് ഇപ്പോൾ ഇരുട്ടിലായിരിക്കുന്നത്.

# കേരള സർവകലാശാല കൈയടക്കി എസ്എഫ്ഐ, വൻ സംഘർഷം

തിരുവനന്തപുരം: കേരള സർവകലാശാലയിൽ വൈസ് ചാൻസലർ മോഹൻ കുന്നുമ്മലിനെതിരെ എസ്എഫ്ഐ പ്രതിഷേധം. പ്രവർത്തകരും പോലീസും തമ്മിൽ സംഘർഷമുണ്ടായി. സർവകലാശാല കലോത്സവം നടത്താൻ അനുവദിക്കാത്തതിലും കായിക വിദ്യാർഥികൾക്ക് ടിഎ നൽകാത്ത വിസിയുടെ നിലപാടിനെതിരെയായിരുന്നു എസ്എഫ്ഐ സമരം.ബാരിക്കേഡുകൾ വച്ച് സർവകലാശാല ആസ്ഥാനത്തിന്റെ കവാടത്തിൽ പോലീസ് പ്രതിഷേധക്കാരെ തടഞ്ഞു. പ്രതിഷേധക്കാർക്ക് നേരെ പോലീസ് ജലപീരങ്കി പ്രയോഗിച്ചു. എന്നാൽ ബാരിക്കേഡ് മറികടന്ന് വിദ്യാർഥികൾ സർവകലാശാല ആസ്ഥാനത്തേക്ക് കയറി. കലോത്സവം നടത്താൻ അനുമതി നൽകണമെന്ന് സിൻഡിക്കേറ്റ് അംഗങ്ങൾ ആവശ്യപ്പെട്ടിട്ടും വിസി മോഹനൻ കുന്നുമ്മേൽ അനുകൂല നിലപാട് സ്വീകരിച്ചില്ല. സർവകലാശാലയിൽ ആർട്സും സ്പോർട്സും അനുവദിക്കില്ല എന്ന വിസിയുടെ നിലപാടുകൾക്കെതിരെയാണ് എസ്എഫ്ഐ പ്രതിഷേധിക്കുന്നത്. ബുധനാഴ്ച മുതൽ സർവകലാശാല ആസ്ഥാനത്ത് രാപ്പകൽ സമരം ആരംഭിച്ചിരുന്നു. എസ്എഫ്ഐ സംസ്ഥാന പ്രസിഡൻറ് എം. ശിവപ്രസാദ്, സംസ്ഥാന സെക്രട്ടറി എസ്. സഞ്ജീവും സമരമുഖത്തുണ്ട്.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

# കൊടുത്താൽ കൊല്ലത്തും കിട്ടും

യേശുദാസ് വില്യം





കൊല്ലം: ശക്തികുളങ്ങരയിലെയും,നീണ്ടകരയിലെയും ഹാർബറുകളുടെ നിർമ്മാണപ്രവർത്തനത്തിന്റെ കെടുകാര്യസ്ഥതയുംഅഴിമതിയും ചൂണ്ടിക്കാട്ടി കേന്ദ്രത്തിനും സംസ്ഥാനത്തിനും പരാതി നൽകി തീരിമാനത്തിനായി ഒരുവർഷത്തിലേറെയായി കാത്തിരിക്കുകയാണ് കൊല്ലത്തെ ഫിഷിംഗ് ബോട്ട് ഓപ്പറേറ്റേഴ്സ് അസ്സോസിയേഷന്റെ മുതിർന്ന നേതാവായ ചാർളിജോസഫും,സംഘടനയും.പരാതി കിട്ടി ബോധിച്ച കാര്യങ്ങളെക്കുറിച്ചുള്ള മുഖ്യമന്ത്രിയുടെയും,കേന്ദ്ര ഫിഷറീസ് മന്ത്രിയുടെയും മറുപടിക്കത്തും കിട്ടി.എന്നാൽ ഹാർബറിനുള്ളിലെ നിർമ്മാണ പ്രവർത്തികൾ ധൃതഗതിയിൽ തന്നെ തുടരുന്നു.എല്ലാം കോൺട്രാക്ടർമാരുടെ വഴിക്ക് തന്നെ.പക്ഷേ ഇക്കഴിഞ്ഞ ദിവസം കോൺക്രീറ്റ് ചെയ്യുന്നതിനായി കടൽവെള്ളം ഉപയോഗിക്കാമെന്ന സാങ്കേതികവിദ്യ മൽസ്യത്തൊഴിലാളികൾ കൈയ്യോടെ പിടിക്കുകയും പ്രതിഷേധമുയരുകയും ചെയ്തതോടെ പണികൾ നിർത്തി. ഈ മേഖലയോടുള്ള അവഗണനയും,അവജ്ഞയുടെയും മറ്റൊരുദാഹരണം മാത്രം. ഇതിനെതിരെ സംഘടനാതലത്തിൽ നിയമപോരാട്ടത്തിനും,തുടർന്ന് പ്രതിഷേധ സമരത്തിനു മൽസ്യത്തൊഴിലാളികളും അനുബന്ധ തൊഴിലാളികളും മുന്നോട്ടു വരുമെന്നും ബോട്ട് ഓപ്പറേറ്റേഴ്സിന്റെ മുതിർന്ന നേതാവായ ചാർളി ജോസഫ് 'നോട്ടിക്കൽ ടൈംസ് കേരള' യോടു പറഞ്ഞു. കേരളത്തിൽ ജീവിച്ചിരിക്കുന്ന മുതിർന്ന ആഴക്കടൽ മൽസ്യത്തൊഴിലാളിയും,കടൽപരിസ്ഥിതി വിദഗ്ദനും, മൽസ്യകയറ്റുമതിവ്യവസായിയുമായ ചാർളി ജോസഫിന്റെ നിർദ്ദേശനുസരണംകേന്ദ്രത്തിനും സംസ്ഥാനത്തിനും നൽകിയ പരാതിയിലെ അടിയന്തിര സ്വഭാവമുള്ള നിർദ്ദേശങ്ങളിൽ ചിലതാണിവിടെ ചേർത്തിട്ടുള്ളത്.

1. കേന്ദ്ര ഫണ്ട് ദുരുപയോഗം ചെയ്തിട്ടുള്ളതു കണ്ടെത്തുകയും.ദുരുപയോഗം ചെയ്ത ഉദ്യോഗസ്ഥർ/ കോൺട്രാക്ടറിൽ നിന്നും നിയമനടപടികൾ സ്വീകരിച്ചു കൊണ്ടു തന്നെ അവരിൽ നിന്നും തുക തിരിച്ചു പിടിക്കണം.ഇതിനായി സെൻട്രൽ ഇൻസ്പെക്ഷൻ ടീമിനെ നിയോഗിക്കണം.

2.ഭീമമായ പിഴകൾ,ഇൻഷ്വറൻസ് പരിരക്ഷ,സബ്സിഡികൾ തുടങ്ങിയവ പുനർ നിർവചിച്ചുകൊണ്ട് എല്ല മൽസ്യത്തൊഴിലാളികൾക്കും ഏകീകൃതമായ രീതി നടപ്പിലാക്കുക.ഇതിലൂടെ യന്ത്രവൽകൃത ട്രോളിംഗ് മേഖലയിലുള്ള മൽസ്യത്തൊഴിലാളികളോടുള്ള വിവേചനം നിർത്തലാക്കുക.

3.മൽസ്യബന്ധന മന്ത്രാലയത്തിന്റെ കീഴിലുള്ള സ്വതന്ത്ര ടീമിനെ ഉപയോഗിച്ചു ഫണ്ടുപയോഗം നിരീക്ഷിക്കുക.പുതിയതും,നടന്നുകൊണ്ടിരിക്കുന്ന പദ്ധതികളെയും പരിശോധിക്കുക.

4.പദ്ധതികളുടെ പ്രായോഗികത പഠിച്ചതിനു ശേഷം അനുമതി നൽകുക.മൽസ്യസമ്പത്ത് ഉൽപാദനം. അടിസ്ഥാന സൗകര്യ വികസനം.മൽസ്യത്തൊഴിലാളികളുടെ ജീവിതം മെച്ചപ്പെടുന്നതിനായുള്ള പദ്ധതികൾക്കു അംഗീകാരം നൽകുക.

5.മൽസ്യമേഖലയിൽ പദ്ധതികൾ നടപ്പിലാക്കുന്ന സംഘടനകളെയും കോൺട്രാക്ടർമാരെയും പദ്ധതികളുടെ വിശകലനം നടത്തിക്കൊണ്ടു സോഷ്യൽ ഓഡിറ്റിംഗിനു വിധേയമാക്കുക.

6.ചെറുകിട യന്ത്രവൽകൃത ബോട്ട് (ഫൈബർ വള്ളം) മൽസ്യത്തൊഴിലാളികൾക്കും,ബോട്ടുടമകൾക്കും ലഭിക്കുന്ന ഇൻഷ്വറൻസ്,ക്ഷേമനിധി,സബ്സിഡി,ഗ്രാന്റ് തുടങ്ങിയ എല്ലാ ആനുകൂല്യങ്ങളും ട്രോളിംഗ് ബോട്ടു തൊഴിലാളികൾക്കും ലഭ്യമാക്കുക.ട്രോളിംഗ് മൽസ്യബന്ധനരംഗത്തു പണിയെടുക്കുന്ന അന്യസംസ്ഥാന തൊഴിലാളികൾക്കും ഇതേ പരിരക്ഷകൾ നൽകുക.

7. യന്ത്രവൽകൃത ട്രോളിംഗ് ബോട്ടുകൾ നിർമ്മിച്ചു പ്രവർത്തിപ്പിച്ചു കടക്കെണിയിലായവരെ സഹായിക്കുവാൻ കേന്ദ്ര സംസ്ഥാന സർക്കാരുകൾ സംയുക്തമായി പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കുക.



'നൊസ്റ്റാൾജിയ' യോഹന്നാൻ

## മാമുകിൽ തെക്കുംഭാഗം

കൊല്ലം : ഇവിടാരും സമ്പന്നരല്ലായിരുന്നു ഇവിടാരും ദരിദ്രരുമല്ലായിരുന്നു ഇവിടെല്ലാരും അന്നന്ന് അദ്ധ്വാനിച്ച് അന്നത്തിനു വഴിതേടി കുടുംബം പോറ്റുന്ന ബഹുമാനിതരായിരുന്നു വഴക്കിനും വക്കാണത്തിനും സമയം കിട്ടാത്തവർ അദ്ധ്വാന ക്ഷീണമകറ്റുവാനിത്തിരി അന്തി മോന്തി ക്ഷീണമകറ്റി ക്ഷേമമമാക്കുന്ന ജീവികൾ സ്വസ്ഥമായ് സൌഹൃദകൂട്ടായ്മകളും കൊട്ടും കുരവയും ഉൽസവ ഉൽസാഹതിമിർപ്പുകൾ വെടിക്കെട്ട് പൂരവും പെരുനാൾ പെരുമയും സമാധാന പെരുമഴക്കാലവും നിറഞ്ഞ നാളുകൾ. ഇനിയെന്നാണായവസ്ഥയിലൊരാഘോഷ പുലരിയെ വരവേൽക്കാനാവുക കാലം കലങ്ങി മറിയുന്നു പ്രകൃതിയും കീഴ്മേൽ മാറുന്നു മാറ്റത്തിനുവേണ്ടി മാറ്റുകൂട്ടുവാൻ കളങ്കിതമാക്കുന്ന രംഗങ്ങൾ.

## സൈഡ് വീൽ സ്കൂട്ടറും ഇലക്ട്രോണിക് വീൽ ചെയറും നൽകുന്നതിന് 23.85 കോടി രൂപ അനുവദിച്ചു

കേരള സംസ്ഥാന ഭിന്നശേഷി ക്ഷേമ കോർപ്പറേഷൻ മുഖേന ഭിന്നശേഷിക്കാരുടെ സഞ്ചാര സ്വാതന്ത്ര്യവും ആശയവിനിമയ സ്വാതന്ത്ര്യവും ഉറപ്പാക്കുന്ന 'ശുഭയാത്ര' പദ്ധതിയിലേക്ക് 23.85 കോടി രൂപ അധിക ധനാനുമതിയിലൂടെ അനുവദിച്ചു. ഇത് കോർപറേഷന്റെ ആകെ ബജറ്റ് തുകയേക്കാൾ കൂടിയ തുകയാണ്. നിലവിൽ പദ്ധതി നടപ്പിലാക്കുന്നതിന് അനുവദിച്ച 2.55 കോടി കൂടാതെ ശുഭയാത്ര പദ്ധതി വഴി സൈഡ് വീൽ സ്കൂട്ടർ/ഇലക്ട്രോണിക് വീൽ ചെയർ ഉൾപ്പെടെയുള്ള സഹായ ഉപകരണങ്ങൾ നൽകുന്നതിനായിട്ടാണ് പുതുതായി 23.85 കോടി രൂപ കൂടി അനുവദിച്ചത്. ഇതോടെ ഈ പദ്ധതിക്കുള്ള ആകെ അനുമതി 26.4 കോടി രൂപയാകും.

സൈഡ് വീൽ സ്കൂട്ടറിനായി ലഭിച്ചിട്ടുള്ള 1800 ഓളം അപേക്ഷകളും ഇലക്ട്രോണിക് വീൽ ചെയറിനായി ലഭിച്ചിട്ടുള്ള 200 ഓളം അപേക്ഷകളും തീർപ്പാക്കുന്നതിനും സ്മാർട്ട് ഫോൺ ഉൾപ്പെടെയുള്ള മറ്റ് സഹായ ഉപകരണങ്ങളുടെ വിതരണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുമായാണ് അധിക ധനാനുമതി നൽകിയിരിക്കുന്നത്.

കേരളത്തിലെ ചലന പരിമിതി നേരിടുന്ന അർഹരായ മുഴുവൻ പേർക്കും മുച്ചക്ര വാഹനമോ ഇലക്ട്രോണിക് വീൽ ചെയറുകളോ ലഭ്യമാക്കും എന്നത് സർക്കാരിന്റെ പ്രഖ്യാപിത നിലപാട് ആയിരുന്നു. വലിയൊരു വിഭാഗം ഭിന്ന ശേഷിക്കാരുടെ സഞ്ചാര സ്വാതന്ത്ര്യവും സാമൂഹിക ഉൾചേരലും ഉറപ്പു വരുത്തുന്ന സുപ്രധാന തീരുമാനമാണ് സർക്കാർ കൈക്കൊണ്ടിട്ടുള്ളത്. ഭിന്നശേഷി സൗഹൃദ കേരളത്തിലേക്കുള്ള പ്രധാന ചുവടു വെപ്പാണിത്. ഇതിൻ പ്രകാരം അപേക്ഷ സമർപ്പിച്ചവരുടെ ഗുണഭോക്ത തെരഞ്ഞെടുപ്പു പൂർത്തിയായി വരുന്നു. ഈ മാസം തന്നെ വിതരണം പൂർത്തിയാക്കുന്നതിനാണ് കോർപറേഷൻ ശ്രമിക്കുന്നത്.


## കടം വാങ്ങൽ തർക്കത്തിൽ കൊലപാതകം; മകന്റെ അറസ്റ്റ് ഇന്നു രേഖപ്പെടുത്തും

തൊടുപുഴ: പണത്തെച്ചൊല്ലിയുണ്ടായ സംഘർഷത്തിനിടെ കല്ലുകൊണ്ട് ഇടിച്ചതിനെത്തുടർന്നു വയോധികൻ മരിച്ച സംഭവത്തിൽ പൊലീസ് കസ്റ്റഡിയിലെടുത്ത മകന്റെ അറസ്റ്റ് ഇന്നു രേഖപ്പെടുത്തും. ഉടുമ്പന്നൂർ അമയപ്ര നെടുമറ്റത്തിൻകരയിൽ വേലപ്പനാണ് (75) മരിച്ചത്.

സംഭവത്തിൽ മകൻ രാജേഷിനെ (45)യാണ് കരിമണ്ണൂർ പൊലീസ് കസ്റ്റഡിയിലെടുത്തത്. മകന്റെ ആക്രമണത്തിൽ ഗുരുതര പരിക്കേറ്റാണ് മരണം സംഭവിച്ചതെന്നു പൊലീസ് സ്ഥിരീകരിച്ചിട്ടുണ്ട്. കടം വാങ്ങിയ പണത്തെച്ചൊല്ലി ഇരുവരും തമ്മിൽ തർക്കമുണ്ടാകുകയും രാജേഷ് വേലപ്പനെ ആക്രമിക്കുകയുമായിരുന്നെന്നു കരിമണ്ണൂർ സിഐ വി. എസ്. അനിൽകുമാർ പറഞ്ഞു.

പാലക്കുഴ സ്വദേശികളായ ഇവർ ഉടുമ്പന്നൂർ അമയപ്രക്കു സമീപം വേലപ്പന്റെ മറ്റൊരു മകൻ രാജീവ് വാടകയ്ക്കെടുത്ത വീട്ടിലായിരുന്നു താമസിച്ചിരുന്നത്. അടിമാലിയിലെ ഭാര്യ വീട്ടിൽ താമസിക്കുന്ന രാജേഷ് ഇടയ്ക്കിടെ ഇവിടെ വന്നു താമസിക്കുമായിരുന്നു. തിങ്കളാഴ്ച ഉച്ചയോടെയാണ് ഇരുവരും തമ്മിൽ തർക്കമുണ്ടായത്. വീട്ടിൽനിന്നു വലിയ ബഹളം കേട്ട് നാട്ടുകാർ എത്തിയപ്പോൾ മുറ്റത്ത് തലയ്ക്കു പരിക്കേറ്റു രക്തം ഒഴുകുന്ന നിലയിൽ കിടക്കുന്ന വേലപ്പനെയാണ് കണ്ടത്. വേലപ്പനെ ആശുപത്രിയിൽ കൊണ്ടുപോകാൻ ശ്രമിച്ചപ്പോൾ മകൻ രാജേഷ് വാക്കത്തിയുമായി നാട്ടുകാർക്കെതിരെ തിരിഞ്ഞു. ഇതോടെ ഭയന്ന നാട്ടുകാർ വിവരമറിയിച്ചതിനെത്തുടർന്ന് സ്ഥത്തെത്തിയ കരിമണ്ണൂർ പോലീസാണ് വേലപ്പനെ തൊടുപുഴയിലെ ജില്ലാ ആശുപത്രിയിൽ എത്തിച്ചത്.

## കുഫോസുമായി കൈകോർത്തു പെരിയാറിൽ മത്സ്യ സംരക്ഷണ പടയാളികളായി രാജഗിരി വിദ്യാർഥികൾ



പശ്ചിമ ഘട്ടത്തിലെ തദ്ദേശീയ മത്സ്യ ഇനങ്ങളെ സംരക്ഷിക്കാൻ കുഫോസിന്റെ സഹായത്തോടെ പെരിയാർ നദിയിൽ രാജഗിരി സ്കൂൾ വിദ്യാർഥികൾ മത്സ്യവിത്ത് നിക്ഷേപം നടത്തി.

ആലുവ ശിവരാത്രി മണപ്പുറത്തിനു സമീപമുള്ള പാലസ്കടവിൽ ചൊവ്വാഴ്ച രാവിലെ 9.30ന് കളമശ്ശേരി രാജഗിരി ഹയർ സെക്കൻഡറി സ്കൂളിന്റെ ഐക്യരാഷ്ട്ര സഭയുടെ ഏടജ ഇക്കോ വാരിയേഴ്സ് സംഘം, കൊച്ചിയിലെ കേരള ഫിഷറീസ് സമുദ്രപഠന സർവകലാശാല (ഗഡഎഛട) യുമായി സഹകരിച്ചാണ് പരിപാടി നടത്തിയത്.

ഐക്യരാഷ്ട്രസഭയുടെ സുസ്ഥിര വികസന ലക്ഷ്യങ്ങളായ SDG-14 (ജലജീവിത സംരക്ഷണം)ഉം ടഉഏ15 (ഭൂജീവിത സംരക്ഷണം)ഉം നടപ്പാക്കുന്നതിന്റെ ഭാഗമായാണ് പ്രവർത്തനം.

മഞ്ഞക്കൂരി, കുറുവാപരൽ എന്നീ തദ്ദേശീയ മത്സ്യ ഇനങ്ങളെ നിക്ഷേപിച്ച് കൊണ്ട് ഫിഷറീസ് സർവകലാശാല വൈസ് ചാൻസലർ പ്രൊഫ. ഡോ. എ. ബിജുകുമാർ പരിപാടിയുടെ ഉദ്ഘാടനം നിർവഹിച്ചു.

സമീപകാല ശാസ്ത്രീയ പഠനങ്ങൾ പെരിയാർ, ചാലക്കുടി, മൂവാറ്റുപുഴ, പമ്പ, അച്ചൻകോവിൽ തുടങ്ങിയ നദികളിൽ ഈ ഇനം വ്യാപകമായി പിടിക്കപ്പെടുന്നതായി വ്യക്തമാക്കിയിട്ടുണ്ട്. അമിത മത്സ്യബന്ധനം, ആവാസവ്യവസ്ഥയിലെ മാറ്റങ്ങൾ, മലിനീകരണം, അലങ്കാരമത്സ്യവ്യാപാരത്തിലെ ആവശ്യകത എന്നിവ ഇവയുടെ വംശ സംഖ്യ ഗണ്യമായി കുറയാൻ ഇടയാക്കിയിട്ടുണ്ട്. ഇക്കാരണത്താൽ , ഈ ഇനം കഡഇച ചുവപ്പ് പട്ടികയിൽ വംശനാശഭീഷണിയിലുള്ളവ' എന്ന വിഭാഗത്തിൽ ഉൾപ്പെട്ടിരിക്കുകയാണ്. കൂടാതെ "കുറുവാപരൽ" എന്നറിയപ്പെടുന്ന ഒലീവ് ബാർബ് എന്ന മൽസ്യയിനത്തിന്റെ മാതൃമത്സ്യങ്ങളെയും നദിയിൽ നിക്ഷേപിച്ചു. സ്റ്റേറ്റ് പ്ലാൻ പ്രൊജക്റ്റ്, ഡചഉജ പ്രൊജക്റ്റ് എന്നിവയുടെ ഭാഗമായി കുഫോസിൽ ഉൽപാദിപ്പിച്ച മത്സ്യ വിത്തുകളാണ് നിക്ഷേപിച്ചത്.

പെരിയാർ നദിയിൽ നിന്നു ശേഖരിച്ച പൊരുന്നു മൽസ്യങ്ങളിൽ നിന്നും ഉത്പാദിപ്പിച്ച മത്സ്യകുഞ്ഞുങ്ങളെ അതേ നദിയിലേക്ക് വിട്ടുകൊണ്ടാണ് പദ്ധതി നടപ്പാക്കിയത്. ജൈവവൈവിധ്യസംരക്ഷണത്തിനും, മൽസ്യത്തൊഴിലാളികളുടെ ഉപജീവനമാർഗത്തിനും ഈ നിക്ഷേപ പരിപാടി സഹായിക്കുമെന്ന് വൈസ് ചാൻസലർ പറഞ്ഞു. വിദ്യാർത്ഥിതലത്തിൽ ഇത്തരത്തിലുള്ള അവബോധ- കർമ്മപരിപാടികൾ മാതൃകയാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ജെം ജോസ്, ഡോ. അൻവർ അലി പി.എച്ച്, ജോസഫ്, എന്നിവരും സംസാരിച്ചു.

### കാമുകിയുടെ വീട്ടുകാർ പോലീസിൽ പരാതി നൽകി; യുവാവ് ജീവനൊടുക്കിയ നിലയിൽ

തിരുവനന്തപുരം: പെൺസുഹൃത്തിന്റെ വീട്ടുകാർ പോലീസിൽ പരാതി നൽകിയതിന് പിന്നാലെ യുവാവ് ജീവനൊടുക്കി. തോന്നയ്ക്കൽ ലാൽഭാഗ് നഗർ ഉഷ ഭവനിൽ കിരൺ (27) ആണ് മരിച്ചത്. ഇഷ്ടത്തിലായിരുന്ന പെൺകുട്ടിക്കൊപ്പമുള്ള സ്വകാര്യ ദൃശ്യങ്ങൾ ഫോണിൽ പകർത്തി പ്രചരിപ്പിച്ചെന്ന് കിരണിനെതിരെ പെൺകുട്ടിയുടെ ബന്ധുക്കൾ പോലീസിൽ പരാതി നൽകിയിരുന്നു.ഇതേതുടർന്ന് കിരൺ ഉൾപ്പടെ നാലു പേർക്കെതിരെ പോലീസ് കേസെടുത്തു. കേസെടുത്തതിന് പിന്നാലെ സമീപത്തു കൂടി വന്ന പോലീസ് ജീപ്പ് കണ്ട് ഭയന്ന് വീട്ടിൽ നിന്നും മാറി നിൽക്കുകയായിരുന്നു.ഞായറാഴ്ച രാത്രിയാണ് സമീപത്തുള്ള സുഹൃത്തിന്റെ വീട്ടിലെത്തിയത്. പിന്നീട് ഇയാളെ വീടിനുള്ളിലെ ഹുക്കിൽ തൂങ്ങിയ നിലയിൽ കണ്ടെത്തുകയായിരുന്നു. പിന്നാലെ ചിറയിൻകീഴ് ഗവ. താലൂക്ക് ആശുപത്രിയിൽ എത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല.

